VOL NO: 08 | ISSUE 48
2024 NOVEMBER 30 | ₹10

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

ഇക്കഴിഞ്ഞ നിയമസഭ ഉപതെരഞ്ഞെടുപ്പിൽ പാലക്കാട് മണ്ഡലം ഏറെ ശ്രദ്ധിക്കപ്പെടുന്നതായിരുന്നു. എല്ലാ മുന്നണികളും പാർട്ടികളും അവിടെയാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മതനിരപേക്ഷത വിജയിക്കുമോ അതല്ല വർഗീയ രാഷ്ട്രീയം വിജയിക്കുമോ എന്നതായിരുന്നു എവിടെയും സംസാരവിഷയം. വോട്ടുകൾ എണ്ണിക്കഴിഞ്ഞപ്പോൾ പാലക്കാടിന്റെ മനസ്സ് വർഗീയതക്ക് ഒപ്പമല്ല, മതനിരപേക്ഷതയുടെ കൂടെയാണെന്ന് വ്യക്തമായി.

## പാലക്കാട് ഉപതെരഞ്ഞെടുപ്പ് നൽകുന്ന സന്ദേശം

### ആശയവായന പ്രമാണനിഷേധമാകരുത്!

|| ലിബറലിസവും വാണിജ്യവാദവും
|| മധ്യകേരളത്തിൽ നിന്നും മലബാറിലേക്ക്
|| പാപങ്ങൾ പൊറുക്കുന്നവനായ അല്ലാഹു





GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

# 0410 നേർപഥം
വാരിക

2024 നവംബർ 30
1446 ജു. ഊലാ 28
പുസ്തകം 08 / ലക്കം 48




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




**05** മുഖമൊഴി
ഇരുട്ടിന്റെ മിത്രങ്ങൾക്ക് വെളിച്ചത്തെ സ്നേഹിക്കുവാൻ കഴിയുമോ?

**06** പഠനം
ഇസ്‌ലാമും ആരോഗ്യസംരക്ഷണവും
മുഹമ്മദ് സ്വാദിഖ് മദീനി

**14** ലേഖനം
ലിബറലിസവും വാണിജ്യവാദവും
റോഷൻ പുനലൂർ, ജാമിഅ അൽഹിന്ദ്

**15** ഹദീസ് പാഠം
ചെലവഴിച്ച് നേട്ടം കൊയ്യുക
അബൂഫായിദ

**16** ലേഖനം
ഹദീസ് വിരോധത്തിലെ അപകടങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**18** ചരിത്രപഥം
മധ്യകേരളത്തിൽ നിന്നും മലബാറിലേക്ക്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**21** നമുക്കുചുറ്റും
നന്മകളെ തളർത്തുന്നവനല്ല ; വളർത്തുന്നവനാണ് വിശ്വാസി
റിഷാദ് പൂക്കാടഞ്ചേരി

**22** നീണ്ടകഥ
വിജയം അകലെയല്ല
ബിസ്മിത എം.

**23** കർമപഥം
മതവിധിയും തെളിവുകളും
വിവ. അബ്ദുൽ ജബ്ബാർ മദീനി

**26** ലേഖനം
പാപങ്ങൾ പൊറുക്കുന്നവനായ അല്ലാഹു
മുനവ്വർ ഫൈറൂസ്

**29** ലേഖനം
ആശയവായന പ്രമാണനിഷേധമാകരുത്!
ഡോ. അബ്ദുല്ലാ ബാസിൽ സി.പി.

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** ബാലപഥം
ശ്രേഷ്ഠമായ ആരാധന
ഉസ്മാൻ പാലക്കാഴി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## മർക്കസുദ്ദഅ്‌വക്കാരായ സാധാരണക്കാരോട്....

സഹോദരങ്ങളേ, നിങ്ങളെ നിങ്ങളുടെ സംഘടന എങ്ങോട്ടാണ് നയിക്കുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ബുദ്ധിയും യുക്തിയുമാണ് പ്രമാണം സ്വീകരിക്കുവാനും തള്ളിക്കളയുവാനുമുള്ള മാനദണ്ഡം എന്ന നിങ്ങളുടെ നേതാക്കളുടെ വീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അത് ശരിയോ തെറ്റോ എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ചിന്തക്ക് പിറകിലാണ് പ്രമാണമെങ്കിൽ നിങ്ങൾ ഓരോ വിഷയവും ചിന്തിച്ചിട്ടാണോ സംഘടനയിൽ അംഗമായത്, അതോ അംഗമായതിനുശേഷം സംഘടന പറയുന്നതിനനുസരിച്ച് ചിന്തയെ ഒതുക്കിയതോ?

നിങ്ങളുടെ ചിന്തയുടെ വിഭവമെന്താണ്? പഠിക്കാനും മനസ്സിലാക്കാനും ശ്രമിക്കാതെ വെറുതെയിരുന്ന് ചിന്തിക്കുകയാണോ? പഠിച്ചറിഞ്ഞ് ചിന്തിക്കുകയാണോ? വിജ്ഞാനമാണോ നിങ്ങളുടെ ചിന്തയെ സ്വാധീനിക്കുന്നത് അതോ നിങ്ങളുടെ ചിന്തക്കനുസരിച്ച് വിജ്ഞാനത്തെ ചുരുക്കുകയാണോ?

സത്യത്തിൽ നിങ്ങളുടെ നേതൃത്വത്തിലുള്ളവർക്കുണ്ടായ, ഇസ്‌ലാമിന്റെ തനിമ നിലനിർത്തുന്നതിലുള്ള അപകർഷതയെ തുടർന്നാണ് പ്രമാണങ്ങളെ പുനർവായിക്കാൻ അഥവാ കാലത്തിനനുസരിച്ച് നവീകരിക്കാൻ അവർ ചിന്തിച്ചത്. ആ ചിന്തയുടെ ഫലമാണ് ഇന്നീ കാണുന്ന വിവാദങ്ങളെല്ലാം. ചിന്തിച്ച് നോക്കുക; അപ്പോൾ കാര്യം വ്യക്തമാകും. മതയുക്തിവാദത്തിലേക്കും സർവമത സത്യവാദത്തിലേക്കും പോകാതിരിക്കാൻ ജാഗ്രത പാലിക്കുക, പ്രാർഥിക്കുക.

**-ഷഫീഖ് ചാലിയം**

## ഇ.കെ മൗലവിയെക്കുറിച്ചുള്ള ലേഖന പരമ്പര

എട്ടുവർഷം പിന്നിടാൻ പോകുന്ന നേർപഥം വാരികയെ മറ്റു ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളിൽ നിന്ന് വേർതിരിക്കുന്നത് നേർക്കുനേരെ, പ്രാമാണികമായി വിഷയങ്ങൾ അവതരിപ്പിക്കുന്നു എന്നതാണ്. ചുരുങ്ങിയ പേജുകളിൽ ചെറിയ കുറിപ്പുകളായി നൽകുന്നത് വലിയ അറിവുകളാണ്.

ഇ.കെ മൗലവിയെക്കുറിച്ചുള്ള ലേഖന പരമ്പര ഏറെ പഠനാർഹമാണ്. മുസ്‌ലിം സമുദായത്തിന്റെ ഭൗതിക വിദ്യാഭ്യാസപരവും മതപരവുമായ രംഗത്തുള്ള വളർച്ചക്കായി അദ്ദേഹം ചെയ്ത സേവനങ്ങളെയും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയും ത്യാഗങ്ങൾ സഹിച്ചുള്ള പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരണങ്ങൾ വിസ്മയിപ്പിക്കുന്നതാണ്. നേർപഥത്തെ അണിയിച്ചൊരുക്കുന്നവർക്ക് അഭിനന്ദനങ്ങൾ.

**-അഫ്‌സൽ ഹുസൈൻ പി, പാലക്കാഴി**

## മുനമ്പത്തിന്റെ മറവിൽ നടക്കുന്ന ധ്രുവീകരണ രാഷ്ട്രീയം

നേർപഥം ലക്കം 409ൽ മുജീബ് ഒട്ടുമ്മൽ എഴുതിയ 'മുനമ്പം വക്ഫ് ഭൂമിയും ധ്രുവീകരണ രാഷ്ട്രീയവും' എന്ന ലേഖനം അവസരോചിതവും വസ്തുതകൾ സത്യസന്ധമായി തുറന്നുകാട്ടുന്നതുമായി.

ജാതിമതവർണങ്ങളിൽ ചേരിതിരിഞ്ഞ് സംഘർഷങ്ങളും കലാപങ്ങളും സൃഷ്ടിച്ച് ഉത്തരേന്ത്യയിൽ അധികാരമുറപ്പിച്ചവർ സൗഹൃദകേരളത്തിന്റെ ഹൃദയത്തെയും തകർക്കാനുള്ള ശ്രമത്തിലാണ്. ഒന്നും വിജയിക്കാതെ പോകുന്നത് മലയാളികളുടെ ഒത്തൊരുമകൊണ്ടാണ്. ലേഖകൻ എഴുതിയതുപോലെ 'മണിപ്പൂരിന്റെ തെരുവീഥികളിൽ ചീന്തിയെറിയപ്പെടുന്ന സഹോദരിമാരുടെ കണ്ണുനീരിന് വില കൽപിക്കാത്ത, തൃശൂലങ്ങളിൽ പിടഞ്ഞ് വീഴുന്ന ജീവനുകളെ പരിഗണിക്കാത്ത അന്ധത ബാധിച്ച ചില ക്രിസംഘികളാണ് മുനമ്പത്തിന്റെ പേരിൽ കണ്ണീരൊഴുക്കുന്നത്.

**-യാസീൻ അഹ്‌മദ്, കൊച്ചി**

# ഇരുട്ടിന്റെ മിത്രങ്ങൾക്ക് വെളിച്ചത്തെ സ്നേഹിക്കുവാൻ കഴിയുമോ?

സത്യവും നീതിയും ന്യായവും ധർമവും മനുഷ്യർക്കിടയിൽനിന്നും ചോർന്നുപോയിക്കൊണ്ടിരിക്കുകയാണോ? കുടുംബ ബന്ധങ്ങളുടെ നിലനിൽപുപോലും പണത്തിന്റെ അടിസ്ഥാനത്തിലായി മാറുകയാണോ? ജനാധിപത്യം പണാധിപത്യത്തിനു വഴിമാറുകയാണോ? ഭരണകൂടങ്ങൾ ഭരണീയരെ നിന്നുതിരിയാനാകാത്തവിധം വരിഞ്ഞുമുറുക്കുകയാണോ? ഇങ്ങനെ ചോദിക്കുവാൻ തുനിഞ്ഞാൽ ഒട്ടനവധി ചോദ്യങ്ങൾ ഉതിർന്നുവീഴും.

ലോകത്തും നമ്മുടെ രാജ്യത്തും നമ്മുടെ ചുറ്റുപാടുകളിലുമൊക്കെ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ആരുടെയും മനസ്സിൽ ഇത്തരം ചോദ്യങ്ങൾ ഉടലെടുത്തേക്കാം. 'ഇതൊക്കെ പണ്ടേയുള്ളതു തന്നെയാണ്, ഇപ്പോഴായിട്ട് തുടങ്ങിയതൊന്നുമല്ല' എന്ന് വായിച്ചുതള്ളിയ ചരിത്രങ്ങളിൽനിന്നു കിട്ടിയ അറിവനുസരിച്ച് സ്വയം ആശ്വാസം കൊള്ളാൻ ശ്രമിക്കാം. ചരിത്രത്തിന്റെ ആവർത്തനമെന്ന് സമാധാനിക്കാം.

എന്നാൽ അങ്ങനെ സ്വയം സമാധാനിച്ച് അടിമ മനോഭാവത്തോടെ കാലംകഴിക്കുകയാണോ നാം ചെയ്യേണ്ടത്? സ്രഷ്ടാവു തന്ന വിശേഷബുദ്ധിയും ചിന്താശേഷിയും അറിവും കഴിവും അടിയറവെച്ചു ജീവിക്കുകയാണോ വേണ്ടത്? അതല്ല ഒഴുക്കിനെതിരെ നീന്തുകയോ? തിന്മകളുടെ കുത്തൊഴുക്കിനൊപ്പം പോകാൻ പണിയൊന്നുമില്ല. കിടന്നുകൊടുത്താൽ താനെ ഒഴുകിക്കൊള്ളും. എന്നാൽ എതിർദിശയിൽ നീന്തൽ ആയാസമേറിയതാണ്. അങ്ങനെയുള്ളവർക്കേ പരിവർത്തനത്തിന്റെ വഴിത്താരകൾ വെട്ടുവാൻ കഴിയൂ. അല്ലാഹു പറയുന്നു: "...ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച..." (ക്വുർആൻ 13:11).

സത്യവിശ്വാസം ശക്തിയുടെ ഉറവിടമാണ്. സത്യവിശ്വാസി ഏതവസ്ഥയിലും ഉന്നതനും ശക്തനും തന്നെയായിരിക്കും. ഏത് പ്രതികൂല സാഹചര്യങ്ങളിലും പതറാതെയും പ്രശ്നങ്ങളെ അതിജയിച്ചും സദ്കർമനിരതനായിരിക്കാൻ സത്യവിശ്വാസം മനഷ്യനു കരുത്തേകും. സമൂഹത്തിൽ നിലനിൽക്കുന്ന പിഴച്ച മൂല്യങ്ങളോടും ദുഷിച്ച ആചാരങ്ങളോടും മനുഷ്യത്വരഹിതമായ നിയമങ്ങളോടും അക്രമങ്ങളോടും രാജിയാകാതെ നിലകൊള്ളുവാനും നന്മ കൽപിക്കുവാനും തിന്മ വിരോധിക്കുവാനുമുള്ള ആർജവം പകർന്നുതരുന്നത് ഈമാനാണ്. സ്വന്തത്തോടും മറ്റുള്ളവരോടും ചെയ്യുന്ന നന്മയും ഗുണകാംക്ഷയുമാണത്. ആ വഴിയിലുള്ള യാത്ര അത്ര സുഗമമായിരിക്കില്ല. എതിർപ്പിന്റെ, പരിഹാസങ്ങളുടെ, അക്രമത്തിന്റെ കൂരമ്പുകൾ പാഞ്ഞുവന്നേക്കാം. ഇരുട്ടിന്റെ മിത്രങ്ങൾക്കെങ്ങനെ വെളിച്ചത്തെ സ്നേഹിക്കുവാൻ കഴിയും? അവരോടു നാമെന്തു പറയണമെന്ന് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്: "പറയുക: എന്റെ ജനങ്ങളേ, നിങ്ങളുടെ നിലപാടനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. ഞാനും പ്രവർത്തിച്ചു കൊണ്ടിരിക്കുകതന്നെയാകുന്നു. എന്നാൽ വഴിയെ നിങ്ങൾ അറിയും; അപമാനകരമായ ശിക്ഷ വന്നെത്തുന്നതും ശാശ്വതമായ ശിക്ഷ വന്നിറങ്ങുന്നതും ആർക്കാണെന്ന്" (39:39-40).

നബി(സ) പറഞ്ഞു: "നിങ്ങൾ കൂടെക്കൂടികളാകരുത്. ആളുകൾ നല്ലകാര്യം ചെയ്യുമ്പോൾ ഞാനും നല്ല കാര്യം ചെയ്യും; അവർ ദുഷ്പ്രവൃത്തി ചെയ്യുമ്പോൾ ഞാനും ദുഷ്പ്രവൃത്തി ചെയ്യും എന്ന നിലപാടെടുക്കരുത്. ജനങ്ങൾ നന്മ ചെയ്യുമ്പോൾ മാത്രം അവരോടു സഹകരിക്കുക, തിന്മചെയ്യുമ്പോൾ അവരിൽനിന്ന് അകന്നുമാറുക" (തിർമിദി).

മുഹമ്മദ് സ്വാദിഖ് മദീനി
:



# ഇസ്‌ലാമും ആരോഗ്യസംരക്ഷണവും

ജീവിതത്തിൽ ചെറുതോ വലുതോ ആയ രോഗം വരാത്തവർ ഉണ്ടായിരിക്കുകയില്ല. ക്ഷീണവും തളർച്ചയും ശാരീരിക പ്രയാസങ്ങളും മാത്രമല്ല സാമ്പത്തിക ഞെരുക്കവും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥയും രോഗിക്ക് അനിവാര്യമായിവരുന്നു. വേദനകൊണ്ട് പുളയുന്ന രോഗികളും ബന്ധുവിന്റെ ചികിത്സക്കായി ആളുകളോട് യാചിക്കുന്നവരും കാലങ്ങളായി രോഗിയെ പരിചരിക്കുന്നവരുമെല്ലാം രോഗത്തിന്റെ വിവിധ തീക്ഷ്ണ മുഖങ്ങളാണ്. രോഗം പരീക്ഷണമാണെന്നും അതിൽ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യണമെന്നും അല്ലാഹുവിനെക്കുറിച്ച് സദ്‌വിചാരം ഉണ്ടായിരിക്കണമെന്നും നിർദേശിക്കുന്ന ഇസ്‌ലാം രോഗം വരാതിരിക്കാനുള്ള ധാരാളം മുൻകരുതലുകൾ അറിയിച്ചുതന്നു. ഇത്തരം മുൻകരുതലുകളെ വിശ്വാസികൾ മുഖവിലക്കെടുക്കേണ്ടതുണ്ട്.

രോഗിക്കും നോമ്പുകാരനും ഇസ്‌ലാം നൽകിയ ഇളവുകൾ പരിശോധിച്ചാൽ അത് അവന്റെ സുരക്ഷിതത്വത്തിനു വേണ്ടിയാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. നോമ്പനുഷ്ഠിച്ച് സുദീർഘമായ യാത്ര ചെയ്യുന്ന ഒരാൾക്ക് ക്ഷീണവും തളർച്ചയും സംഭവി

പകർച്ചവ്യാധി പകരാതിരിക്കുവാനുള വഴി ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ നബി(സ) അറിയിച്ചുതന്നിട്ടുണ്ട്. ഇന്ന് അത് വളരെ പ്രസക്തമായി തീർന്നിരിക്കുകയാണ്. രോഗം നൽകുന്നത് അല്ലാഹുവാണ്. അസുഖം സ്വന്തമായി മറ്റൊരാളിലേക്ക് അല്ലാഹവിന്റെ ഉദ്ദേശ്യപ്രകാരമല്ലാതെ വിട്ടുകടക്കുകയില്ല. എങ്കിലും മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. പകർച്ചവ്യാധിയുള്ള നാട്ടിലേക്ക് മറ്റുള്ളവർ പോകാനോ ആ നാട്ടിലുള്ളവർ മറ്റേതെങ്കിലും സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുവാനോ പാടില്ല എന്നതാണ് ആ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ അധ്യാപനം. നൂറ്റാണ്ടുകൾക്ക് മുമ്പേ ഇസ്‌ലാം പഠിപ്പിച്ച ആരോഗ്യസംരക്ഷണ പാഠങ്ങൾ ഈ പരിഷ്‌കൃത യുഗത്തിലും വളരെ പ്രസക്തമാണ്. ഇസ്‌ലാം ദൈവിക മതമാണ് എന്നതാണ് അതിന് കാരണം. കാലങ്ങൾ പിന്നിട്ടാലും ഇസ്‌ലാമിന്റെ പ്രസക്തി വർധിച്ചുകൊണ്ടേയിരിക്കും.

ക്കുകവഴി അത് അവന്റെ ആരോഗ്യത്തെ ബാധിക്കുന്നു. അപ്രകാരംതന്നെ രോഗി നോമ്പനുഷ്ഠിച്ചാൽ അവന്റെ രോഗം മൂർച്ഛിക്കുകയോ രോഗശമനത്തിന് കാലതാമസം നേരിടുകയോ ചെയ്തേക്കാം

രോഗികൾ കുളിക്കുകയോ വെള്ളം ഉപയോഗിക്കുകയോ ചെയ്താൽ ഒരുപക്ഷേ, രോഗം കഠിനമാവാൻ സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ അത്തരം സന്ദർഭങ്ങളിൽ വുദൂഅ്, കുളി എന്നിവയ്ക്ക് പകരം തയമ്മും ചെയ്താൽ മതിയാകുന്നതാണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്..." (ക്വുർആൻ 2:195).

## ആരോഗ്യവും പരിസരശുചിത്വവും

ആരോഗ്യസംരക്ഷണത്തിന് ഇസ്‌ലാം വലിയ പ്രാധാന്യമാണ് നൽകുന്നത്. ദന്തശുദ്ധിയെ സംബന്ധിച്ചുള്ള ഇസ്‌ലാമികപാഠം ഏവർക്കും അറിയാവുന്നതാണ്. നബി(സ്വ) പറഞ്ഞു: "എന്റെ സമുദായത്തിന് പ്രയാസമില്ലായിരുന്നുവെങ്കിൽ ഓരോ വുദൂഇന്റെയും (നമസ്‌കാരത്തിന്റെയും) കൂടെ ദന്തശുദ്ധി വരുത്തുവാൻ ഞാൻ അവരോട് കൽപിക്കുമായിരുന്നു."

നബി(സ്വ) അരുളി: "ദന്തശുദ്ധീകരണം വായക്ക് നല്ലതും റബ്ബിന് ഇഷ്ടപ്പെട്ട കാര്യവുമാണ്."

വായ, പല്ല്, മോണ എന്നിവയ്ക്ക് ഉണ്ടാകുന്ന മിക്ക രോഗങ്ങൾക്കും കാരണം ദന്തശുദ്ധീകരണത്തിൽ കാണിക്കുന്ന അലംബാവമാണ്.

നമസ്‌കാരം ശരിയാകാനുള്ള നിബന്ധനയിൽ പെട്ടതാണ് വുദൂഅ് ഉണ്ടായിരിക്കുക എന്നത്. ശരീരത്തിലെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം കഴുകിയും തടവിയും വുദൂഅ് ചെയ്യുന്നതുമുഖേന വലിയ ഒരു ശുദ്ധീകരണ പ്രക്രിയയാണ് വിശ്വാസിയിൽ നടക്കുന്നത്. പ്രത്യേകിച്ച് മൂക്കിൽ അടിഞ്ഞുകൂടിയിരിക്കുന്ന മലിന വസ്തുക്കളെ വൃത്തിയാക്കുകതന്നെ വേണം. അതുകൊണ്ടാണ് നബി(സ്വ) 'നീ നോമ്പുകാരനല്ലെങ്കിൽ മൂക്കിലേക്ക് വെള്ളം നന്നായി കേറ്റുക' എന്ന് പറഞ്ഞത്.

നമസ്‌കാരത്തിന്റെ മറ്റൊരു നിബന്ധനയാണ് ശരീരം അശുദ്ധിയിൽനിന്നും വൃത്തിയാക്കണമെന്നത്. അതുപോലെതന്നെ ധരിക്കുന്ന വസ്ത്രവും ശുദ്ധിയുള്ളതായിരിക്കണം. അല്ലാഹു പറയുന്നു: "നിന്റെ വസ്ത്രം നീ ശുദ്ധിയാക്കുക" (ക്വുർആൻ 74:4).

ഇസ്‌ലാം പഠിപ്പിക്കുന്ന മലമൂത്ര വിസർജന മര്യാദകളിലും ആരോഗ്യസംരക്ഷണവും രോഗം വരാതിരിക്കുവാനുള്ള നിർദേശങ്ങളും കാണുവാൻ സാധിക്കും. വലതുകൈകൊണ്ട് ശൗചം ചെയ്യരുതെന്നും വലതുകൈകൊണ്ട് ജനനേന്ദ്രിയം പിടിക്കരുതെന്നും മൂത്രവിസർജനത്തിൽ അശ്രദ്ധ കാണിക്കുന്നത് ക്വബ്ർ ശിക്ഷക്ക് കാരണമായിത്തീരുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. വെള്ളം കിട്ടിയില്ലെങ്കിൽ കല്ല് ഉപയോഗിച്ചെങ്കിലും ശുദ്ധിയാക്കണം. അതിന് മൂന്നിൽ കുറയാത്ത കല്ല് വേണമെന്നും പ്രവാചകൻ(സ) അരുൾ ചെയ്തു

ശരീരം വൃത്തിയോടും വെടിപ്പോടും കൊണ്ടുനടക്കണം. അതുകൊണ്ടാണ് ആർക്കെങ്കിലും മുടി ഉണ്ടെങ്കിൽ അവൻ അതിനെ ചീകിയൊതുക്കട്ടെ, മാനിക്കട്ടെ എന്നെല്ലാം നബി(സ്വ) പറഞ്ഞത്.

കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നതും പള്ളിയിൽ തുപ്പുന്നതും ഇസ്‌ലാം വിലക്കുന്നു. കുളി മതപരമായ കാര്യം കൂടിയാണ്. നിർബന്ധമായോ ഐച്ഛികമായോ കുളിക്കേണ്ട സന്ദർഭങ്ങൾ ഉണ്ട്. ആർത്തവ വിരാമത്തോടനുബന്ധിച്ച്, പ്രസവരക്തം നിലച്ചാൽ, വലിയ അശുദ്ധി ഉണ്ടായാൽ എന്നീ സന്ദർഭങ്ങളിൽ നിർബന്ധമായും കുളിക്കേണ്ടതുണ്ട്.

എല്ലാ പ്രവാചകന്മാരും തങ്ങളുടെ സമൂഹത്തെ പഠിപ്പിച്ച ചില കാര്യങ്ങൾക്കാണ് സുനനുൽ ഫിത്വ്റ എന്ന് പറയുക. അത് ഒരു മുസ്‌ലിം അനിവാര്യമായും അനുഷ്ഠിക്കേണ്ട

തുണ്ട്. ചേലാകർമം ചെയ്യുക, ഗുഹ്യരോമം വടിക്കുക, കക്ഷരോമം പറിക്കുക, നഖം മുറിക്കുക, മീശ പറ്റെ വെട്ടുക, എന്നിവയെല്ലാം അവയിൽ പെട്ടതാണ്. അവ നാൽപത് ദിവസത്തിലധികം വൈകിപ്പിക്കരുത് എന്ന് നബി (സ്വ) പ്രത്യേകം ഉണർത്തി.

ജനങ്ങൾക്ക് പഴവും ഫലവും തണലും നൽകുന്ന മരച്ചുവട്, മനുഷ്യർ നടന്നുപോകുന്ന വഴികൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നത് ശാപത്തിന് കാരണമായിത്തീരുന്നതാണ്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുകയും പിന്നീട് അതിൽ കുളിക്കുകയും ചെയ്യുക എന്നത് വളരെ മോശമായ കാര്യമായി ഇസ്‌ലാം കാണുന്നു.

പകർച്ചവ്യാധി പകരാതിരിക്കുവാനുള വഴി ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ നബി(സ) അറിയിച്ചുതന്നിട്ടുണ്ട്. ഇന്ന് അത് വളരെ പ്രസക്തമായി തീർന്നിരിക്കുകയാണ്. രോഗം നൽകുന്നത് അല്ലാഹുവാണ്. അസുഖം സ്വന്തമായി മറ്റൊരാളിലേക്ക് അല്ലാഹവിന്റെ ഉദ്ദേശ്യപ്രകാരമല്ലാതെ വിട്ടുകടക്കുകയില്ല. എങ്കിലും മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. പകർച്ചവ്യാധിയുള്ള നാട്ടിലേക്ക് മറ്റുള്ളവർ പോകാനോ ആ നാട്ടിലുള്ളവർ മറ്റേതെങ്കിലും സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുവാനോ പാടില്ല എന്നതാണ് ആ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ അധ്യാപനം.

പാനം ചെയ്യുന്ന പാത്രത്തിന്റെ വക്കിൽവച്ച് കുടിക്കരുത് എന്നും രോഗമുള്ളവരുടെ അടുത്തേക്ക് രോഗം ഇല്ലാത്തവർ വരരുത്, കുഷ്ഠരോഗം ഉള്ളവരിൽനിന്നും അകലണം എന്നുമുള്ള ഇസ്‌ലാമിക അധ്യാപനം എത്ര പ്രസക്തമാണ്! നബി(സ്വ) തുമ്മുമ്പോൾ കൈകൊണ്ടോ വസ്ത്രംകൊണ്ടോ പൊത്തിപ്പിടിക്കുകയും ശബ്ദം കുറയ്ക്കുകയും ചെയ്യാറുണ്ടായിരുന്നു എന്ന് ഹദീസുകളിൽ കാണുവാൻ സാധിക്കും മാത്രമല്ല സന്ധ്യാസമയത്ത് ചെറിയകുട്ടികളെ പുറത്തിറക്കരുതെന്നും രാത്രി കിടക്കുമ്പോൾ വിളക്കുകൾ അണയ്ക്കണമെന്നും വാതിലുകൾ അടയ്ക്കണമെന്നും പാത്രങ്ങൾ മൂടിവെക്കണം എന്നും പ്രവാചകൾ അറിയിച്ചത് മുൻകരുതലുകളുടെ ഭാഗമായിട്ടാണ്.

ഭക്ഷണവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക മര്യാദകൾ ആരോഗ്യപരിപാലനത്തിനും രോഗം വരാതിരിക്കുവാനും ആവശ്യമാണ്. ശരീരത്തെ ദോഷകരമായി ബാധിക്കുന്ന മ്ലേച്ഛവസ്തുക്കൾ ഭക്ഷിക്കുന്നത് ഇസ്‌ലാം നിരോധിച്ചു. ശവം, രക്തം, പന്നിമാംസം തുടങ്ങിയവയും അമേധ്യം പോലുള്ള മ്ലേച്ഛവസ്തുക്കൾ ഭക്ഷിക്കുന്ന ജീവികളുടെ മാംസം, പാൽ എന്നിവയും നിരോധിക്കപ്പെട്ട കാര്യമാണ്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽനിന്ന് വിശിഷ്ടമായത് ഭക്ഷി ച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ'' (ക്വുർആൻ 2:172).

അന്ത്യപ്രവാചകനെ കുറിച്ച് മുൻവേദഗ്രന്ഥങ്ങളിൽ വന്ന സന്തോഷവാർത്തയായി ക്വുർആൻ പറയുന്നത് ഇപ്രകാരമാണ്: "(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ: 7:175).

അന്നപാനീയങ്ങളിൽ ഉപയോഗിക്കുന്നതിൽ അതിരുവിടരുത് എന്നത് ഇസ്‌ലാമിന്റെ പ്രത്യേകമായ ഒരു കൽപനയാണ്. ഇബ്നു കസീർ(റഹി) പറഞ്ഞു: "ചില മുൻഗാമികൾ പറഞ്ഞത് അല്ലാഹു ഈയൊരു ആയത്തിലെ പകുതിഭാഗം കൊണ്ട് വൈദ്യശാസ്ത്രം മുഴുവൻ പറഞ്ഞിരിക്കുന്നു."

നബി(സ്വ) പറഞ്ഞു: "നിങ്ങൾ ഭക്ഷിക്കുക, ദാനം ചെയ്യുക, വസ്ത്രം ധരിക്കുക, അഹങ്കാരവും അമിതവ്യയവും കൂടാതെ."

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "ഭക്ഷണം കൊണ്ട് ചികിത്സിക്കുവാൻ സാധിച്ചാൽ മറ്റു മരുന്നുകളിലേക്ക് തിരിയേണ്ടതില്ല എന്ന

ത് വൈദ്യൻമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ട കാര്യമാണ്."

നബി(സ) പറഞ്ഞു: "വയറിനെക്കാൾ മോശമായ ഒരു പാത്രം ആദംസന്തതി നിറച്ചിട്ടില്ല. ഒരാൾക്ക് അവന്റെ നടുനിവർത്തുവാൻ സാധിക്കുന്ന ഏതാനും ഉരുളകൾ മാത്രം മതിയാകുന്നതാണ്. ഇനി അതല്ലെങ്കിൽ മൂന്നിലൊന്ന് ഭക്ഷണവും മൂന്നിലൊന്ന് പാനീയവും മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിനും മതിയാവുന്നതാണ്."

ബുദ്ധിയെ ദോഷകരമായി ബാധിക്കുന്ന എല്ലാ വസ്തുക്കളെയും ഇസ്‌ലാം നിരോധിച്ചു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നവയാണ് .

ലൈംഗിക വിഷയത്തിൽ വിശുദ്ധി പാലിച്ചില്ലെങ്കിൽ മാരകമായ ധാരാളം രോഗങ്ങൾക്ക് അത് കാരണമാകുന്നതാണ്. വ്യഭിചാരം നിഷിദ്ധമാണ് എന്ന് ഖുർആൻ ഖണ്ഡിതമായി പറഞ്ഞു. അല്ലാഹു പറയുന്നു: "നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (ഖുർആൻ 17:32).

ജനങ്ങൾ പരസ്യമായി വ്യഭിചരിക്കുന്ന അവസ്ഥ ഉണ്ടായാൽ മുൻഗാമികൾക്കില്ലാത്ത രോഗങ്ങളെ കൊണ്ട് പരീക്ഷിക്കപ്പെടുമെന്ന് നബി (സ്വ) മുന്നറിയിപ്പ് നൽകി. സ്വവർഗഭോഗത്തെ വൻപാപമായി ഇസ്‌ലാം കാണുന്നു.

ആർത്തവ സമയത്ത് ഭാര്യയുമായുള്ള ശാരീരിക ബന്ധം ഇസ്‌ലാം നിഷിദ്ധമാക്കി. അല്ലാഹു പറയുന്നു: "ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്നുനിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ചവിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (ഖുർആൻ 2: 222).

ആർത്തവ സമയത്തുള്ള ശാരീരികബന്ധം പാപമാണ് എന്നതിനാൽ അപ്രകാരം ചെയ്തവൻ ഒരു ദീനാറോ അര ദീനാറോ പ്രായച്ഛിത്തം നൽകണമെന്നും മതം പഠിപ്പിച്ചു. മുഷ്ടി മൈഥുനത്തെ തിന്മയായി തന്നെയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സൂറത്തുൽ മുഅ്മിനൂനിലെ ആറ്, ഏഴ് വചനങ്ങൾ അതിലേക്കാണ് വെളിച്ചം വീശുന്നത്.

വികാരവും വിചാരവുമുള്ള മനുഷ്യന് വിശുദ്ധ ജീവിതം നയിക്കണമെങ്കിൽ ഇസ്‌ലാം അനുവദിച്ച മാർഗം അവൻ കൈക്കൊള്ളണം. ഇണയില്ലാത്ത ഏകാന്തവാസം അവന് മാനസിക രോഗങ്ങൾ സമ്മാനിച്ചേക്കാം. അതുകൊണ്ടു തന്നെ സന്യാസജീവിതമോ ഷണ്ഡീകരണമോ ഇസ്‌ലാം അനുവദിക്കുന്നില്ല.

മാനസിക രോഗങ്ങളും സംഘർഷങ്ങളും വരാതിരിക്കുവാൻ ഒരു വിശ്വാസി എപ്പോഴും അല്ലാഹുവിനെ ക്കുറിച്ചുള്ള ഓർമയിൽ ജീവിക്കണമെന്ന് ഇസ്‌ലാം അറിയിക്കുന്നു. എല്ലാകാര്യത്തിനും കഴിവുള്ള അല്ലാഹുവാണ് എന്റെ രക്ഷിതാവെന്നും നന്മകളും തിന്മകളും ഒക്കെ നൽകുന്നവൻ അവൻ മാത്രമാണെന്നും ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുക മാത്രമാണ് താൻ ചെയ്യുന്നതെന്നും കാര്യങ്ങൾ സാക്ഷാത്കരിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണെന്നും വിശ്വസിക്കുന്ന ഒരാൾക്ക് എന്ത് മാനസിക രോഗങ്ങളാണ് ഉണ്ടാവുക?

ശക്തിയും ഉന്മേഷവും ഉള്ളവനായിരിക്കണം വിശ്വാസി. അതുകൊണ്ടുതന്നെ അധ്വാനിക്കാൻ പോകാതെ അലസരായി ഇരിക്കുന്നതും അധ്വാനിക്കാൻ കഴിവുണ്ടായിരിക്കെ യാചന നടത്തുന്നതും ഇസ്‌ലാം വിലക്കി. സ്വന്തംകൈകൊണ്ട് അധ്വാനിച്ച് ഉണ്ടാക്കുന്ന ഭക്ഷണത്തെ വിശിഷ്ടഭക്ഷണമായും നബി(സ്വ) വിശേഷിപ്പിച്ചു.

കുതിരസവാരി, അമ്പെയ്ത്ത്, നീന്തൽ തുടങ്ങിയവ സൽകർമങ്ങളിലേക്കുള്ള മാർഗമായും ഇസ്‌ലാം അറിയിക്കുന്നു. ഭക്ഷണം കഴിച്ച് കൈകഴുകാതെ ഉറങ്ങുകയും ശേഷം അനിഷ്ടകരമായ വല്ലതും അയാൾക്ക് സംഭവിക്കുകയും ചെയ്താൽ അവൻ മറ്റാരെയും പഴിചാരേണ്ടതില്ല എന്നാണ് പ്രവാചകൻ അറിയിച്ചത്. രാത്രി കിടക്കുന്നതിന് മുമ്പായി ശ്രദ്ധിക്കേണ്ട ധാരാളം മര്യാദകളും നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. വിരിപ്പ് കുടയണമെന്നത് അതിൽപെട്ട ഒന്നാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പേ ഇസ്‌ലാം പഠിപ്പിച്ച ആരോഗ്യസംരക്ഷണ പാഠങ്ങൾ ഈ പരിഷ്കൃത യുഗത്തിലും വളരെ പ്രസക്തമാണ്. ഇസ്‌ലാം ദൈവിക മതമാണ് എന്നതാണ് അതിന് കാരണം. കാലങ്ങൾ പിന്നിട്ടാലും ഇസ്‌ലാമിന്റെ പ്രസക്തി വർധിച്ചുകൊണ്ടേയിരിക്കും.

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676



# പാലക്കാട് ഉപതെരഞ്ഞെടുപ്പ് നൽകുന്ന സന്ദേശം

ഇക്കഴിഞ്ഞ നിയമസഭ ഉപതെരഞ്ഞെടുപ്പിൽ പാലക്കാട് മണ്ഡലം ഏറെ ശ്രദ്ധിക്കപ്പെടുന്നതായിരുന്നു. എല്ലാ മുന്നണികളും പാർട്ടികളും അവിടെയാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മതനിരപേക്ഷത വിജയിക്കുമോ അതല്ല വർഗീയ രാഷ്ട്രീയം വിജയിക്കുമോ എന്നതായിരുന്നു എവിടെയും സംസാരവിഷയം. വോട്ടുകൾ എണ്ണിക്കഴിഞ്ഞപ്പോൾ പാലക്കാടിന്റെ മനസ്സ് വർഗീയതക്ക് ഒപ്പമല്ല, മതനിരപേക്ഷതയുടെ കൂടെയാണെന്ന് വ്യക്തമായി.

കേരളം കണ്ട തെരഞ്ഞെടുപ്പുകളിൽ അത്യന്തം വാശിയേറിയതായിരുന്നു പാലക്കാട് ഉപതെരഞ്ഞെടുപ്പ്. വയനാട്ടിലും ചേലക്കരയിലും കണ്ടതിനെക്കാൾ വലിയ ആവേശം മാത്രമല്ല, രാഷ്ട്രീയ ആരോപണ പ്രത്യാരോപണങ്ങൾ ഏറെ നിറഞ്ഞുനിന്നതും പാലക്കാട്ടായിരുന്നു. നേതാക്കൾ പാർട്ടി മാറുകയും സ്വന്തം നേതാക്കൾക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ച് തെരഞ്ഞെ

ടുപ്പ് പ്രവർത്തനങ്ങളിൽനിന്നും മാറി നിൽക്കുകയും ചെയ്ത തെരഞ്ഞെടുപ്പ് കൂടിയായിരുന്നു അത്. പാർട്ടികളും മുന്നണികളും വർധിത വീര്യത്തോടെ ആവേശോജ്ജ്വലം കളംനിറഞ്ഞാടിയ തെരഞ്ഞെടുപ്പ് കൂടിയായിരുന്നു പാലക്കാട്ട് നടന്നത്. ഫലം യുഡിഎഫിന് അനുകൂലമാകുകയും യുവത്വത്തിൻെറ പ്രതീകം കൂടിയായ രാഹുൽ മാങ്കൂട്ടത്തിൽ അവിടെ അപ്രതീക്ഷിത ഭൂരിപക്ഷത്തോടെ വിജയിക്കുകയും ചെയ്തിരിക്കുന്നു.

പാലക്കാടിൻെറ ജനസംഖ്യാവിന്യാസം ഒരു പ്രത്യേക ഗതിയിലാണ്. മുനിസിപ്പൽ ഏരിയ ബിജെപിയുടെ കരങ്ങളിലാണ്. എന്നാൽ അവശേഷിക്കുന്ന മൂന്ന് പഞ്ചായത്തുകൾ കോൺഗ്രസും സിപിഎമ്മും കൈവശപ്പെടുത്തിയിരിക്കുന്നു. പാലക്കാട് മുനിസിപ്പാലിറ്റി ബിജെപിയുടെ വഴിയിലേക്ക് വഴിമാറിയത് 2015ലാണ്. അതുവരെയും കോൺഗ്രസും സിപിഎമ്മും അവിടെ ശക്തിതെളിയിച്ചുവന്നു. നരേന്ദ്രമോദി അധികാരത്തിൽ വന്നതോടെ അതുവരെയും ബിജെപിക്ക് വലിയ സ്വാധീനമില്ലാതിരുന്ന ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ബിജെപിക്ക് സ്വാധീനം ലഭിച്ചുവന്നു. അത്തരത്തിലുള്ള ഒരു പ്രദേശമാണ് പാലക്കാട് നഗരപ്രദേശം. 2010ൽ 16 സീറ്റുകളുണ്ടായിരുന്ന ബിജെപി 2015ൽ അത് 24 സീറ്റാക്കി വർധിപ്പിച്ചു. 2020ൽ 28 ആക്കി ഉയർത്താൻ അവർക്ക് സാധിച്ചു.

2010ലെ ഈ വിജയമാണ് 2021ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കടുത്ത മത്സരത്തിന് അവരെ പ്രേരിപ്പിച്ചത്. മെട്രോമേൻ ഇ. ശ്രീധരനെ ഇറക്കി പാലക്കാട് മണ്ഡലം പിടിച്ചടക്കാൻ സാധിക്കുമെന്ന് അവർ കണക്കുകൂട്ടി. എന്നാൽ ചുണ്ടിനും കപ്പിനുമിടയിൽ അവർക്കത് നഷ്ടപ്പെടുകയായിരുന്നു. 3859 വോട്ടിൻെറ ഭൂരിപക്ഷത്തിൽ മാത്രമാണ് ഷാഫി പറമ്പിലിന് രക്ഷപ്പെടാൻ സാധിച്ചത്. പാലക്കാട് ഹിന്ദുത്വ രാഷ്ട്രീയത്തിന് കേരളത്തിൽ ഒരു ഗേറ്റ് വേ ആകുമോ എന്ന ആശങ്ക കേരളത്തെ മുൾമുനയിൽ നിർത്തിയ കാലമായിരുന്നു അത്. ആർ.എസ്.എസ് സ്വാധീനമുള്ള വട്ടിയൂർകാവിലും നേമത്തും ആറ്റിങ്ങലിലും ബിജെപി നടത്തിയ വർഗീയ ഏകീകരണത്തെ ആ നാട്ടിലെ മതനിരപേക്ഷ സമൂഹം പരാജയപ്പെടുത്തിയ സന്ദർഭത്തിലാണ് 22.5 ശതമാനം മുസ്‌ലിംകളുള്ള പാലക്കാട് മണ്ഡലത്തിൽ ബിജെപി കരുത്ത് കാട്ടിയത് എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

പാലക്കാട് മണ്ഡലത്തിൻെറ മാത്രമല്ല, മലബാറിൻെറയും കേരളത്തിൻെറയും മതനിരപേക്ഷ സ്വഭാവത്തിന് കോട്ടം തട്ടുമെന്ന ആശങ്ക ഉയർത്തിവിട്ടുകൊണ്ടാണ് പാലക്കാട് ബിജെപി തേരോട്ടം തുടർന്നുവന്നത്. മെട്രോമേനിലൂടെ ആർജ്ജിച്ചെടുത്ത ആത്മവിശ്വാസം കൈമുതലാക്കിക്കൊണ്ട് ഒരു ഈസി വാക്കോവറിനാണ് ബിജെപി ഇത്തവണ കളത്തിലിറങ്ങിയത്. പട്ടിക വിഭാഗങ്ങൾ (11%) ഉൾപ്പെടെ മൊത്തം 74 ശതമാനത്തോളം ഹിന്ദു സമൂഹമുള്ള പാലക്കാട്ട് മുസ്‌ലിം സമുദായം 22.5 ശതമാനവും ക്രിസ്ത്യൻ സമൂഹം ഏകദേശം 3.5 ശതമാനവുമാണ്. പരമാവധി ഹിന്ദു-ക്രിസ്ത്യൻ വോട്ടുകൾ ഏകീകരിപ്പിച്ചാൽ മുനിസിപ്പാലിറ്റിയിലെ തിണ്ണമിടുക്കുകൊണ്ട് വിജയിക്കണമെന്ന് ബിജെപി കണക്കുകൂട്ടി. സ്വാതന്ത്ര്യാനന്തരം കോൺഗ്രസും കമ്യൂണിസ്റ്റ് പാർട്ടികളും പി.എസ്.പിയും മാറിമാറി ഭരിച്ച പാലക്കാട് മണ്ഡലം ബിജെപിക്ക് ബാലികേറാമലയല്ല എന്ന് മാധ്യമങ്ങളടക്കം വിധിയെഴുതിയിരുന്നു. മതനിരപേക്ഷ പ്രതീകങ്ങളായ സി.എം.സുന്ദരവും കെ. ശങ്കരനാരായണനും അടക്കമുള്ള പ്രഗത്ഭർ പ്രതിനിധാനം ചെയ്തിട്ടുള്ള പാലക്കാട് കൈവിട്ടുപോകുമോ എന്ന ആശങ്ക യുഡിഎഫ് കേന്ദ്രങ്ങളും വെച്ചുപുലർത്തിയിരുന്നു.

യുഡിഎഫിന് മേൽക്കൈ ഉള്ള പാലക്കാട് ലോകസഭാ മണ്ഡലമാവട്ടെ 1996 മുതൽ എൻ.എൻ കൃഷ്ണദാസ്, എം.ബി രാജേഷ് എന്നിവരിലൂടെ സിപിഎം കൈയടക്കി വെച്ചിരിക്കുകയായിരുന്നു. 2019ലാണ് വികെ ശ്രീകണ്ഠൻ മണ്ഡലം വളരെ കുറഞ്ഞ ഭൂരിപക്ഷത്തിന് തിരിച്ചുപിടിച്ചത്. പട്ടാമ്പി, ഷൊർണൂർ, ഒറ്റപ്പാലം, കോങ്ങാട്, മലമ്പുഴ തുടങ്ങി ഇടതുപക്ഷത്തിന് ശക്തമായ വേരുള്ള പാലക്കാട് ലോകസഭാ മണ്ഡലത്തിൽ 2024ലെ പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസിലെ വി.കെ ശ്രീകണ്ഠൻ നേടിയ 75283 വോട്ടിൻെറ ഭൂരിപക്ഷം, മണ്ഡലം നരേന്ദ്രമോദിയുടെ വർഗീയ ദുർഭരണത്തിനെതിരെ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ രൂപകൊണ്ട ഇൻഡ്യാ മുന്നണിയോടും മതനിരപേക്ഷതയോടും സ്വീകരിച്ച അനൽപമായ

പിന്തുണയാണ് വ്യക്തമാക്കിയത്.

പരമ്പരാഗതമായി ഇടതുപക്ഷത്തിന് ലഭിച്ചുവന്നിരുന്ന വോട്ടുകളിൽ പോലും വിള്ളൽ വീഴ്ത്തിയാണ് ശ്രീകണ്ഠൻ വിജയിച്ചത്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ അന്ന് 9707 വോട്ടുകളുടെ ഭൂരിപക്ഷമാണ് ശ്രീകണ്ഠൻ നേടിയത്. അതായത് ഷാഫി പറമ്പിൽ 2021ൽ നേടിയ ഭൂരിപക്ഷത്തിന്റെ രണ്ടര ഇരട്ടി ഭൂരിപക്ഷം. ഈ തെരഞ്ഞെടുപ്പിലൂടെ രാഹുൽ മാങ്കൂട്ടത്തിൽ അത് അഞ്ചിരട്ടിയോളമാക്കി വർധിപ്പിച്ചു. ഈ മണ്ഡലത്തിൽ തകർന്നടിഞ്ഞത് ബിജെപിയുടെ സ്വപ്നങ്ങളായിരുന്നു. ഇടതുപക്ഷമാവട്ടെ നടത്തിയ പരീക്ഷണങ്ങൾ ജനങ്ങൾക്കിടയിൽ യാതൊരു സ്വാധീനമുണ്ടാക്കിയതുമില്ല.

ഈ തെരഞ്ഞെടുപ്പിൽ നടന്ന പരീക്ഷണങ്ങളിൽ ഏറെ അപഖ്യാതി നേടിയത് വർഗീയ കാർഡുകളായിരുന്നു. ബിജെപി ഏറെ പ്രതീക്ഷ പുലർത്തിയിരുന്ന മണ്ഡലത്തിൽ അവർക്കേറ്റ വലിയ തിരിച്ചടിയായിരുന്നു അവരുടെ സംസ്ഥാന നേതാവും പാർട്ടിയുടെ ഔദ്യോഗിക വക്താവുമായിരുന്ന സന്ദീപ് വാര്യരുടെ കോൺഗ്രസിലേക്കുള്ള ചേക്കേറൽ. സന്ദീപിന്റെ കൂടെ മറ്റാരും കോൺഗ്രസിലേക്ക് വന്നില്ലെന്ന് ആശ്വസിക്കാൻ ശ്രമിച്ചിരുന്ന ബിജെപി സന്ദീപിന്റെ കൂടുമാറ്റം അവരുടെ നല്ല ശതമാനം കോൺഗ്രസിന് അനുകൂലമാക്കി എന്ന് വൈകിയെങ്കിലും തിരിച്ചറിഞ്ഞിരിക്കുന്നു. അവർ പരസ്യമായി അത് പറയുന്നില്ലെങ്കിലും തെരഞ്ഞെടുപ്പ് ഫലത്തിന് ശേഷം അവർക്കിടയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ആഭ്യന്തര കലഹം അതാണ് സൂചിപ്പിക്കുന്നത്.

ബി.ജെ.പിയിൽ നിന്നും കോൺഗ്രസിലെത്തിയ വാര്യരുടെ പഴയകാല പ്രസ്താവനകളും സമൂഹമാധ്യമങ്ങളിലെ പോസ്റ്റുകളും ചികഞ്ഞുകൊണ്ട് വാര്യർ തികഞ്ഞ മുസ്‌ലിം വിരുദ്ധനാണെന്ന ആശങ്ക പരത്താനാണ് ഇടതുപക്ഷവും അവരുടെ ഓരം ചേർന്ന് നിൽക്കുന്നവരും പരിശ്രമിച്ചത്. ബിജെപി എന്ന വർഗീയ ഫാസിസത്തെ തകർക്കാൻ അവരിൽനിന്നുള്ള നേതാക്കളെയും അണികളെയും മതനിരപേക്ഷതയുടെ പക്ഷത്തേക്ക് കൊണ്ടുവരിക കാലം തേടുന്ന അനിവാര്യതയാണ്. കോൺഗ്രസ് അടക്കമുള്ള മതനിരപേക്ഷ പാർട്ടികളിൽ അംഗങ്ങളായിക്കഴിഞ്ഞാൽ പിന്നീട് പ്രസ്തുത പാർട്ടികളുടെ വിപ്പ് അനുസരിച്ച് മാത്രമെ അവർക്ക് പ്രവർത്തിക്കാൻ സാധിക്കൂ. നിലവിലുള്ള സാഹചര്യത്തിൽ ബി.ജെ.പിയെ ദുർബലമാക്കാനുള്ള ഒരു അവസരത്തെയും കളഞ്ഞുകുളിക്കാൻ പാടില്ല. അതുകൊണ്ടാണ് വാര്യർ ബിജെപിയിൽനിന്നും രാജിവെച്ച ഉടനെ സിപിഎം, സിപിഐ നേതാക്കളെല്ലാം അതിനെ സ്വാഗതം ചെയ്തതും അദ്ദേഹത്തിന് അവരുടെ പാർട്ടികളിൽ അംഗത്വം വാഗ്ദാനം ചെയ്തതും. എന്നാൽ തങ്ങളുടെ താൽപര്യത്തിന് വിരുദ്ധമായി വാര്യർ കോൺഗ്രസിൽ ചേർന്നപ്പോൾ അദ്ദേഹത്തിനെതിരെ ബിജെപിയെ സഹായിക്കുന്ന വിധത്തിലുള്ള വർഗീയ പ്രചാരണങ്ങളാണ് എതിർക്യാമ്പുകളിൽനിന്നുണ്ടായത് എന്നത് ലജ്ജാകരമാണ്.

> കക്ഷിരാഷ്ട്രീയത്തിൽ കക്ഷി ചേർന്നും മുസ്‌ലിം സമുദായത്തിൽ ഭിന്നതകളുണ്ടാക്കിയും വർഗീയ ഫാസിസ്റ്റുകൾക്കും മതനിരാസ-ലിബറലിസ്റ്റ് ആശയക്കാർക്കും വളരാനുള്ള സാധ്യതകൾ സൃഷ്ടിക്കുന്നതിൽനിന്നും മുസ്‌ലിം മത സംഘടനകൾ മാറിനിൽക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ കാലം അവരെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിയുമെന്ന് തിരിച്ചറിയാനുള്ള വിശേഷബുദ്ധിയെങ്കിലും അവർക്ക് ഉണ്ടായിരിക്കണം.

മുസ്‌ലിം സമുദായമാവട്ടെ, ബിജെപിയോടുള്ള ഏറ്റുമുട്ടലിൽ ജയിക്കാൻ സാധ്യതയുള്ള സ്ഥാനാർഥിയിലേക്ക് വോട്ടുകൾ ഏകീകരിക്കേണ്ടതുണ്ട് എന്ന ചിന്തയിലായിരുന്നു. പാലക്കാട് മണ്ഡലത്തിൽ മൂന്നാം സ്ഥാനത്ത് നിന്നിരുന്ന ഇടതുപക്ഷത്തെക്കാൾ ബിജെപിയെ തറപറ്റിക്കാൻ വോട്ടുകൾ കോൺഗ്രസിലേക്ക് ഏകീകരിപ്പിക്കുകയാണ് പ്രായോഗികമായി നല്ലത് എന്ന തിരിച്ചറിവ് പാലക്കാട്ടെ വോട്ടർമാർക്കുണ്ടായിരുന്നു. ഇടതുപക്ഷം ദുർബലമാവാതിരിക്കാൻ ഇടതുപക്ഷത്തിന്റെ കേഡർ വോട്ടുകൾ ധാരാളമാണ്.

തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിച്ച ഘട്ടത്തിൽ തെരഞ്ഞെടുപ്പു തലേന്ന് മുസ്‌ലിം സംഘടനകളുടെ മാനേജ്മെന്റിൽ നടന്നുവരുന്ന രണ്ടുപത്രങ്ങളിൽ വന്ന പരസ്യം അതിശയിപ്പിക്കുന്നതായിരുന്നു. എത്രമാത്രം ഒരു സമുദായത്തെ തങ്ങളുടെ ഉപകരണമാക്കാം എന്ന ശത്രുക്കളുടെ കുതന്ത്രങ്ങൾക്ക് കൂട്ടുനിൽക്കുന്ന പരസ്യങ്ങളായിരുന്നു സുപ്രഭാതം, സിറാജ് പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. ഒരു വ്യക്തി അയാളുടെ പഴയകാല ആശയങ്ങളെയെല്ലാം വലിച്ചെറിഞ്ഞ് അതിൽ പശ്ചാത്തപിച്ച് പരസ്യമായ പ്രഖ്യാപനം നടത്തിയ ശേഷവും അയാളുടെ പഴയ വർഗീയ പോസ്റ്റുകളും അയാളുടെ വ്യാജ ചിത്രങ്ങളും പ്രസിദ്ധീകരിക്കാൻ മുസ്‌ലിംകളുടെ പേരിൽ നടന്നുവരുന്ന പത്രങ്ങൾ തുനിഞ്ഞത് സമുദായത്തിന് അപമാനമാണ്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളു

**പാലക്കാട്ടെ ഭൂരിപക്ഷ സമുദായം എത്രമാത്രം മതനിരപേക്ഷതയെ ഉൾക്കൊള്ളുന്നു എന്നതിന്റെ നിദർശനമാണ് പാലക്കാട് മുനിസിപ്പാലിറ്റിയിലെ ഫലം സൂചിപ്പിക്കുന്നത്. 2015 മുതൽ വ്യക്തമായ ലീഡിൽ മുനിസിപ്പാലിറ്റിയെ കൈവശം വെച്ചിരുന്ന ബിജെപിയുടെ വോട്ടുകളിൽ ചോർച്ചയുണ്ടായിരിക്കുന്നു. അവിടെ കോൺഗ്രസ് നാലായിരത്തിലധികം വോട്ടുകൾ പിടിച്ചിരിക്കുന്നു. പാലക്കാട്ടെ വിജയത്തിന് പിന്നിൽ മുസ്‌ലിം വർഗീയ ശക്തികളുടെ ഏകീകരണമാണ് എന്ന് നിലവിളിക്കുന്നവർ പാലക്കാട് മുനിസിപ്പാലിറ്റി പരിധിയിൽ യുഡിഎഫ് നേടിയ ഭൂരിപക്ഷം ആരുടെ ഏകീകരണം കൊണ്ടാണ് എന്നുകൂടി മറുപടി പറയേണ്ടതുണ്ട്.**

ടെയും ഇതഃപര്യന്തമായ ചരിത്രങ്ങളെ കരിവാരിത്തേക്കുന്ന നടപടികളായിരുന്നു അത്.

ഈ പരസ്യം ഏറെ സന്തോഷിപ്പിച്ചത് സംഘ്പരിവാർ ശക്തികളെയായിരുന്നു. കാരണം ഈ പരസ്യം പ്രസിദ്ധീകരിച്ച സമസ്ത വിഭാഗങ്ങൾ അവരുടെ വോട്ടുകൾ ബിജെപിക്ക് നൽകിയില്ലെങ്കിലും അത് ഇടതുപക്ഷത്തിന് നൽകുമെന്ന് അവർ കണക്കുകൂട്ടി. അതിലൂടെ മുസ്‌ലിം സമുദായത്തിന്റെ വോട്ടുകളിൽ വിള്ളലുകൾ ഉണ്ടാവുമെന്ന് അവർ കണക്കുകൂട്ടി. ആ വിള്ളലുകളിലൂടെയുണ്ടാവുന്ന വോട്ടുചിതറലുകൾ തങ്ങൾക്ക് അനുകൂലമാകുമെന്ന് അവർ ഉറപ്പിച്ചു. പാലക്കാട് മുനിസിപ്പാലിറ്റിയിലെ ഭൂരിപക്ഷ സമുദായത്തിന്റെ വോട്ടുകൾ ബിജെപിയിലേക്ക് കേന്ദ്രീകരിക്കുകയും; പിരായിരി, മാത്തൂർ, കണ്ണാടി പഞ്ചായത്തുകളിലെ മുസ്‌ലിം സമുദായത്തിന്റെ വോട്ടുകൾ ഇടതുപക്ഷ സ്ഥാനാർഥിയിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്താൽ സ്വാഭാവികമായും മുനിസിപ്പാലിറ്റിയിലെ ഭൂരിപക്ഷം കൊണ്ടുതന്നെ തങ്ങൾക്ക് വിജയിക്കാൻ സാധിക്കുമെന്ന് അവർ കണക്കാക്കി. അതിനനുസൃതമായ വിധത്തിലുള്ള പ്രസ്താവനകളും ആത്മവിശ്വാസ പ്രകടനങ്ങളും അവർ നടത്തി.

യുഡിഎഫ് വ്യക്തമായ മാർജിനിൽ വിജയിക്കുമെന്ന് നേരത്തെ പ്രവചിച്ചിരുന്ന മാധ്യമങ്ങളും തെരഞ്ഞെടുപ്പ് സർവേ കേന്ദ്രങ്ങളും മാറ്റിപ്പറയാൻ തുടങ്ങി. ബിജെപി പാലക്കാട് വിജയിക്കാൻ സാധ്യതയുണ്ടെന്ന് കണക്കുകൂട്ടി. എന്നാൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ടുള്ള തെരഞ്ഞെടുപ്പ് ഫലമാണ് പുറത്തുവന്നത്. മുസ്‌ലിം സമുദായത്തിന്റെ വോട്ടുകൾ ഭിന്നിപ്പിക്കാനും അതുവഴി ബിജെപിക്ക് ജയസാധ്യത ഉണ്ടാക്കിക്കൊടുക്കാനും വേണ്ടി പരസ്യം നൽകിയവരും പരസ്യം പ്രസിദ്ധീകരിച്ചവരും ജാള്യതകൊണ്ട് മുഖം മറച്ചുപിടിച്ചു. തങ്ങളുടെ പരസ്യത്തെ ന്യായീകരിക്കാൻ വേണ്ടി അവർ ഇരുട്ടുകൊണ്ടുള്ള അഭ്യാസങ്ങൾ തുടർന്നു.

പാലക്കാട്ടെ ഭൂരിപക്ഷ സമുദായം എത്രമാത്രം മതനിരപേക്ഷതയെ ഉൾക്കൊള്ളുന്നു എന്നതിന്റെ നിദർശനമാണ് പാലക്കാട് മുനിസിപ്പാലിറ്റിയിലെ ഫലം സൂചിപ്പിക്കുന്നത്. 2015 മുതൽ വ്യക്തമായ ലീഡിൽ മുനിസിപ്പാലിറ്റിയെ കൈവശം വെച്ചിരുന്ന ബിജെപിയുടെ വോട്ടുകളിൽ ചോർച്ചയുണ്ടായിരിക്കുന്നു. അവിടെ കോൺഗ്രസ് നാലായിരത്തിലധികം വോട്ടുകൾ പിടിച്ചിരിക്കുന്നു. പാലക്കാട്ടെ വിജയത്തിന് പിന്നിൽ മുസ്‌ലിം വർഗീയ ശക്തികളുടെ ഏകീകരണമാണ് എന്ന് നിലവിളിക്കുന്നവർ പാലക്കാട് മുനിസിപ്പാലിറ്റി പരിധിയിൽ യുഡിഎഫ് നേടിയ ഭൂരിപക്ഷം ആരുടെ ഏകീകരണം കൊണ്ടാണ് എന്നുകൂടി മറുപടി പറയേണ്ടതുണ്ട്.

മുസ്‌ലിം സമുദായത്തിന് നേർവഴി കാണിച്ചുകൊടുക്കേണ്ട പത്രങ്ങൾ മുസ്‌ലിം സമുദായത്തെ വർഗീയതയുടെയും അപക്വതയുടെയും കൂട്ടമായി ചിത്രീകരിക്കുന്ന പ്രവണതകൾക്കെതിരെ അതാത് വിഭാഗങ്ങളിൽനിന്നും ശക്തമായ എതിർപ്പുകൾ ഉണ്ടാവേണ്ടതുണ്ട്. പത്രത്തിന്റെ നിലപാടിനെതിരെ സമസ്തയുടെ നേതാക്കൾ തന്നെ രംഗത്തുവന്നെങ്കിലും മുസ്‌ലിം സാമുദായിക പ്രശ്നങ്ങളിൽ അൽപം കൂടി പക്വതയോടെ പെരുമാറാനുള്ള ഉത്തരവാദിത്തം അവർ കാണിക്കേണ്ടതുണ്ട്. മുസ്‌ലിം മതസംഘടനകളുടെ പ്രവർത്തന മേഖല രാഷ്ട്രീയമല്ല. അവർക്ക് നിർവഹിക്കാനുള്ള, സമുദായവും പൊതുസമൂഹവും പ്രതീക്ഷിക്കുന്ന കർമമേഖലകൾ ധാരാളമുണ്ട്. ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളപ്പോൾ തന്നെ മുസ്‌ലിം സമുദായത്തിന്റെ നിലനിൽപുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സുചിന്തിതവും ദീർഘവീക്ഷണത്തിൽ അധിഷ്ഠിതവുമായ നിലപാടുകൾ സ്വീകരിക്കുവാനും അങ്ങനെ സമുദായത്തിന് വെളിച്ചമാവാനും വേണ്ടിയാണ് മതസംഘടനകളും അവയെ പ്രതിനിധാനം ചെയ്യുന്ന പത്രപ്രസിദ്ധീകരണങ്ങളും തയ്യാറാവേണ്ടത്.

കക്ഷിരാഷ്ട്രീയത്തിൽ കക്ഷി ചേർന്നും മുസ്‌ലിം സമുദായത്തിൽ ഭിന്നതകളുണ്ടാക്കിയും വർഗീയ ഫാസിസ്റ്റുകൾക്കും മതനിരാസ-ലിബറലിസ്റ്റ് ആശയക്കാർക്കും വളരാനുള്ള സാധ്യതകൾ സൃഷ്ടിക്കുന്നതിൽനിന്നും മുസ്‌ലിം മതസംഘടനകൾ മാറി നിൽക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ കാലം അവരെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിയുമെന്ന് തിരിച്ചറിയാനുള്ള വിശേഷബുദ്ധിയെങ്കിലും അവർക്ക് ഉണ്ടായിരിക്കണം.

റോഷൻ പുനലൂർ
ജാമിഅ അൽഹിന്ദ്
: 85906 13225



# ലിബറലിസവും വാണിജ്യവാദവും

യൂറോപ്യന്മാർക്കിടയിലെ പ്രധാനപ്പെട്ട ലോകവീക്ഷണങ്ങളിലൊന്ന് പ്രപഞ്ചം മുഴുവൻ അജ്ഞതയിലും അന്ധകാരത്തിലുമായിരുന്നു എന്നതാണ്. അത്തരമൊരു ചിന്താധാര യൂറോപിൽ യുക്തിയുഗത്തിന്റെ പ്രഭാതോദയത്തിന് കാരണമായി. പതിനെട്ടാം നൂറ്റാണ്ടിലെ യൂറോപ്യൻ എഴുത്തുകാരാണ് യുക്തിയുടെ യുഗം അല്ലെങ്കിൽ ജ്ഞാനോദയത്തിന്റെ യുഗം അവതരിപ്പിച്ചത്. അവരെ അതിന് പ്രേരിപ്പിച്ചത് ശാസ്ത്രം, യുക്തി, ആദരവ്, മനുഷ്യത്വം എന്നിവയാൽ പ്രബുദ്ധമായ ഒരു പുതിയ യുഗത്തിലേക്ക് അവർ പ്രവേശിക്കുകയാണെന്ന ആത്മവിശ്വാസമായിരുന്നു. കത്തോലിക്കാസഭയിലെ ഉന്നതരുടെ ധാർമിക അഴിമതിയോടുള്ള പ്രതികരണമായിരുന്നു ഈ ജ്ഞാനോദയം.

'ദ മാർച്ച് ഓഫ് ഫോള്ളി' യിൽ ബാർബറ ടച്ച്മാൻ ആഡംബരപൂർണമായ ജീവിത ശൈലികൾക്കായി പാപമോചനത്തെ വിൽക്കുന്ന, അവിഹിതമായുണ്ടാകുന്ന കുട്ടികളെ നിയമവിധേയമാക്കുന്ന, മതത്തിന്റെ പേരിൽ പാവപ്പെട്ടവനെ പറ്റിച്ചുകൊണ്ട് ജീവിക്കുന്ന, ധാർമിക പാപ്പരത്തമുള്ള പോപ്പുകളുടെ ഒരു പരമ്പരതന്നെ രേഖപ്പെടുത്തുകയുണ്ടായി. കത്തോലിക്കാസഭയുടെ അഴിമതി സമ്പ്രദായങ്ങൾ ക്രിസ്തുമതത്തിൽനിന്ന് തുടച്ചുനീക്കാൻ ശ്രമിച്ച പ്രതിഷേധക്കാരുടെ ആവിർഭാവത്തിന് പ്രസ്തുത സംഭവങ്ങൾ എങ്ങനെയാണ് കാരണമായതെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഇവർ പല ക്രിസ്ത്യൻ വിഭാഗങ്ങളായി തിരിയുകയും പരസ്പരം പോരടിക്കാൻ തുടങ്ങുകയും ചെയ്തു. അതോടെ മതം സംഘർഷത്തിന്റെ ഉറവിടമാണെ ബോധം പരന്നു. അതിനാൽ യൂറോപ്യൻ സമൂഹങ്ങളെ സംഘടിപ്പിക്കുന്നതിന്റെ അടിസ്ഥാനമായി പോരാട്ടങ്ങളും വിവിധ ക്രിസ്ത്യൻ സംഘടനകളോടുള്ള അസഹിഷ്ണുതയും ഇല്ലാതാക്കണമെന്ന തിരിച്ചറിവ് ഉണ്ടാകുകയും ക്രിസ്ത്യാനിറ്റിക്ക് പകരമായി വസ്തുതാപരമായ അറിവും അതുപയോഗിച്ചുള്ള മതേതര ചിന്തകളും ഉയർന്നുവരുകയും ചെയ്തു. ഈ മതയുദ്ധങ്ങൾ പിന്നീട് വിവിധ ആശയങ്ങളുടെ ആവിർഭാവത്തെ സഹായിക്കുകയും മനുഷ്യരാശിയുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മതസ്വാധീനം ഇല്ലാതാക്കുകയും ചെയ്തു.

**വാണിജ്യവാദം**

തുടക്കത്തിൽ വാണിജ്യവാദം ലാഭാധിഷ്ഠിത ജനവിഭാഗങ്ങൾ നിയന്ത്രിക്കുന്ന സംസ്ഥാന ഘടനയുടെ ഒരു രൂപമായിരുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, ഹോളണ്ട്, ജർമനി, സ്പെയിൻ, സ്കാൻഡിനേവിയ, ഫ്ലാൻഡേഴ്സ് എന്നിവിടങ്ങളിൽ 16ാം നൂറ്റാണ്ട് മുതൽ 18ാം നൂറ്റാണ്ടിന്റെ അവസാനംവരെ വാണിജ്യവാദം ഒരു പ്രത്യയശാസ്ത്രമായി നിലനിന്നിരുന്നു.

18ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ വാണിജ്യവാദം തികച്ചും ലിബറൽ സാമ്പത്തിക യുക്തിയിലേക്കും കമ്പോള മുതലാളിത്തത്തിലേക്കും നീങ്ങി. അതേസമയം സർക്കാരും സാമ്പത്തിക പ്രവർത്തനങ്ങളും സംസ്ഥാന കേന്ദ്രീകൃതയിൽനിന്ന് വിപണി കേന്ദ്രീകൃതയിലേക്ക് മാറ്റപ്പെട്ടു. 'വെൽത്ത് ഓഫ് നേഷൻസ്' എന്ന ഗ്രന്ഥത്തിൽ ലിബറൽ ചിന്താധാരയുടെ സ്ഥാപകനായി കണക്കാക്കപ്പെടുന്ന ആദം സ്മിത്ത് സ്വന്തം താൽപര്യങ്ങൾക്കായി തിരയുന്ന ഒരു യുക്തിസഹമായ ജീവിയായും തന്റെ വരുമാനത്തിലും സമ്പത്തിലും യഥാർഥവും പ്രതീക്ഷിക്കുന്നതുമായ മാറ്റങ്ങളോട് അതിവേഗം പ്രതികരിക്കുന്നവനായും എപ്പോഴും വ്യക്തിഗത കണക്കുകൂട്ടലുകളിൽ വ്യാപൃതനായവനായും മനുഷ്യനെ വിശേഷിപ്പിച്ചു. അവൻ എപ്പോഴെങ്കിലും സഹജീവികളെ ഓർത്ത് വേവലാതിപ്പെടുന്നുണ്ടെങ്കിൽ, അത് സ്വന്തത്തെ കൂടുതൽ വ്യക്തമായി അവതരിപ്പിക്കുന്നതിനാണ്.

20ാം നൂറ്റാണ്ടിൽ ലിബറലിസം നവലിബറലിസത്തിലേക്ക് നീങ്ങി. ഉദാരവൽക്കരണത്തിന്റെ കാര്യത്തിൽ ഭരണം കമ്പോളത്തിനും സാമ്പത്തികമനുഷ്യനും വിട്ടുകൊടുത്തു. നവലിബറലിസത്തിന്റെ കാര്യത്തിൽ സാമ്പത്തികമനുഷ്യനെ നിയന്ത്രണത്തിലാക്കാൻ നയങ്ങൾ രൂപകൽപന ചെയ്തു. നവലിബറൽ പാരമ്പര്യത്തിൽ, തത്വചിന്തകനും രാഷ്ട്രീയ-സാമ്പത്തിക ശാസ്ത്രജ്ഞനുമായ ജോൺ സ്റ്റുവർട്ട്മിൽ സാമ്പത്തിക മനുഷ്യനെ സമ്പത്ത് കാര്യക്ഷമമായി നേടാനുള്ള കഴിവ് എപ്പോഴും ആഗ്രഹിക്കുന്നവനായി ചിത്രീകരിച്ചു. ■

**അബുഫായിദ**



ما من يومٍ يُصبحُ العبادُ فيه إلا وملَكانِ ينزلانِ ، فيقولُ أحدُهما :
اللهمَّ أعطِ مُنفقًا خلفًا ، ويقولُ الآخرُ : اللهمَّ أعطِ مُمْسكًا تَلفًا

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "രണ്ട് മലക്കുകൾ ഇറങ്ങിവന്ന് ഒരാൾ 'അല്ലാഹുവേ, ധനം ചെലവഴിക്കുന്നവന് നീ പിന്തുടർച്ച നൽകേണമേ' എന്നും ഇതരൻ 'അല്ലാഹുവേ, ധനം ചെലവഴിക്കാതെ സൂക്ഷിക്കുന്നവന് നീ നാശം നൽകേണമേ' എന്നും പ്രാർഥിക്കാതെ അടിമകളിലാരും പ്രഭാതം പ്രാപിക്കുന്നില്ല" (ബുഖാരി, മുസ്‌ലിം).

# ചെലവഴിച്ച് നേട്ടം കൊയ്യുക

പരസ്പര സഹകരണത്തോടെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ധനികരും ദരിദ്രരുമെല്ലാം പരാശ്രയം ആവശ്യമില്ലാത്ത, എല്ലാവർക്കും ആശ്രയമായ അല്ലാഹുവിന്റെ സൃഷ്ടികളാണ്. മനുഷ്യരുടെ നിലനിൽപുതന്നെ പരസ്പരാശ്രയത്തിലൂടെയാണ്. ധനികൻ ധനവായിത്തീർന്നതിനു പിന്നിൽ ഒരുപാട് പാവങ്ങളുടെ അധ്വാനമുണ്ടാകും. ദരിദ്രർക്ക് തങ്ങളുടെ ഉപജീവനമാർഗം കണ്ടെത്താൻ കഴിയുന്നത് ധനികരുള്ളത് കൊണ്ടാണ്.

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണമാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ധനികൻ തന്റെ സമ്പന്നതയിൽ മതിമറന്ന് സ്രഷ്ടാവിനെ ധിക്കരിക്കാതിരിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനം കൊണ്ട് നരകത്തിലെത്തിച്ചേരാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയുമെന്ന് അവൻ ഗ്രഹിക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനംകൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.

അഗതികളും അശരണരും അനാഥരുമായവരോട് അങ്ങേയറ്റം അനുഭാവം പുലർത്തുവാൻ കൽപിച്ച മതമാണ് ഇസ്‌ലാം. അവർക്കു വേണ്ടി ചെലവഴിക്കുന്നതിനെ 'അല്ലാഹുവിന്റെ മാർഗ'ത്തിലുള്ള ചെലവഴിക്കലായാണ് ഇസ്‌ലാം പരിഗണിക്കുന്നത്. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം അറിയിക്കുന്നു. ധനം നല്ല മാർഗത്തിൽ ചെലവഴിക്കാതെ സ്വരൂപിച്ച് വെക്കുന്നതിന്റെ ഗൗരവവും ചെലവഴിക്കുന്നതിന്റെ മഹത്ത്വവും മനസ്സിലാക്കിത്തരുന്നതാണ് മുകളിൽ കൊടുത്ത നബിവചനം.

വിശുദ്ധ ക്വുർആൻ പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നൽകുന്നു..." (2:261).

സത്യമതത്തിനു വേണ്ടിയും സഹജീവികൾക്കു വേണ്ടിയും ചെലവഴിക്കുമ്പോൾ അത് തങ്ങൾക്കു വേണ്ടിയുള്ള ചെലവഴിക്കൽ തന്നെയാണ്. അഥവാ അതിന്റെ പ്രതിഫലം ചെലവഴിക്കുന്നവർക്കു തന്നെയാണ് എന്നും ക്വുർആൻ ഉണർത്തുന്നു: "നിങ്ങൾ ധനം ചെലവഴിക്കുന്നുവെങ്കിൽ അത് സ്വന്തം നന്മയ്ക്ക് തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. നിങ്ങളെന്ത് ചെലവഴിച്ചാലും അതിന്റെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നതാണ്. നിങ്ങളോട് അൽപം പോലും അനീതി കാണിക്കുകയില്ല" (2:272).

എന്നാൽ ചെലവഴിക്കുന്നത് ലോകമാന്യത്തിനു വേണ്ടിയാകുന്നതും ആർക്കുവേണ്ടി ചെലവഴിച്ചുവോ അവരെ അതിന്റെ പേരിൽ ശല്യപ്പെടുത്തുന്നതും ശിക്ഷാർഹവും കൊടുത്തതിന്റെ കൂലി ഇല്ലാതാക്കുന്നതുമാണ്.

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299



03

# ഹദീസ് വിരോധത്തിലെ അപകടങ്ങൾ

പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ലയിലെ ഖാദിയാൻ ഗ്രാമത്തിൽ ജനിച്ച മിർസാഗുലാം അഹ്മദ് പ്രവാചകത്വം വാദിച്ച് ദുഷ്കീർത്തി നേടിയ ആളാണ്. ബ്രിട്ടീഷുകാർക്ക് ഒത്താശചെയ്തുകൊടുക്കുന്നതിലായിരുന്നു ടിയാന്റെ ശ്രദ്ധ മുഴുവൻ. ബ്രിട്ടീഷുകാരുടെ ഇഷ്ടം പിടിച്ചുപറ്റാൻ വളരെ നീചമായ രീതിയിൽ അദ്ദേഹം ഉത്തരവുകൾ പുറപ്പെടുവിച്ചു. ബ്രിട്ടീഷുകാർക്കെതിരിൽ യുദ്ധം ചെയ്യാൻ പാടില്ലെന്നും ജിഹാദ് പാടില്ലെന്നുമൊക്കെ മിർസ തട്ടിവിട്ടു.

ഈസാ നബി(അ)യെ ക്രൂശിക്കാൻ വന്ന ജൂതന്മാരിൽ നിന്നും അല്ലാഹു അദ്ദേഹത്തെ ആകാശത്തേക്ക് ഉയർത്തി സംരക്ഷിച്ചതും അവസാന കാലത്ത് അദ്ദേഹം ഇറങ്ങിവരുന്നതും വിവരിക്കുന്ന സ്വഹീഹായ ഹദീസുകൾ ഇദ്ദേഹം നിഷേധിച്ചതിൽ ചിലതുമാത്രമാണ്.

ഹദീസ് നിഷേധികളുടെ ചർച്ചയിൽ നാം മനസ്സിലാക്കേണ്ട മറ്റൊരു പ്രമുഖനാണ് മൗലാനാ അബുൽ അഅ്‌ലാ മൗദൂദി സാഹിബ്. ഇദ്ദേഹം ഒരു ഹദീസ് നിഷേധിയായിരുന്നില്ല. വായനക്കാർക്ക് തെറ്റിദ്ധാരണ വരാതിരിക്കാനാണ് ആദ്യം തന്നെ ഇത് സൂചിപ്പിക്കുന്നത്. കാരണം മുമ്പ് നാം സൂചിപ്പിച്ച ചില ഹദീസ് നിഷേധികൾക്ക് ഖണ്ഡനമെഴുതിയ മഹാനാണ് മൗദൂദി സാഹിബ്. എന്നാൽ ഹദീസിന്റെ വിഷയത്തിൽ ചരിത്രത്തിൽ പലർക്കും സംഭവിച്ചപോലെ ചില രോഗങ്ങൾ മൗദൂദിക്കും സംഭവിച്ചിട്ടുണ്ട്.

ഹദീസുകൾ സ്വീകരിക്കുന്നതിലുള്ള മുഹദ്ദിസുകളുടെ മാർഗത്തെ വിമർശിക്കൽ, യുക്തിയെ മാനദണ്ഡമാക്കി ഹദീസുകളെ തള്ളുകയും കൊള്ളുകയും ചെയ്യൽ, സനദിലും മത്‌നിലും രിവായത്തിലുമെല്ലാം മുൻഗാമികൾ പറയാത്ത ആരോപണങ്ങൾ പറയുക പോലുള്ളതെല്ലാം മൗദൂദി സാഹിബിന്റെ ദോഷങ്ങൾ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ആദർശത്തിൽ സ്ഥാപിതമായ ജമാഅത്തെ ഇസ്‌ലാമിയിലും ഇത്തരം ദോഷങ്ങൾ കാണുക സ്വാഭാവികം.

ഹദീസുകൾ സ്വീകരിക്കുന്നതിലുള്ള മുഹദ്ദിസുകളുടെ മാർഗത്തെ വിമർശിക്കൽ, യുക്തിയെ മാനദണ്ഡമാക്കി ഹദീസുകളെ തള്ളുകയും കൊള്ളുകയും ചെയ്യൽ, സനദിലും മത്നിലും രിവായത്തിലുമെല്ലാം മുൻഗാമികൾ പറയാത്ത ആരോപണങ്ങൾ പറയുക പോലുള്ളതെല്ലാം മൗദൂദി സാഹിബിന്റെ ദോഷങ്ങൾ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ആദർശത്തിൽ സ്ഥാപിതമായ ജമാഅത്തെ ഇസ്‌ലാമിയിലും ഇത്തരം ദോഷങ്ങൾ കാണുക സ്വാഭാവികം. മൗദൂദിയുടെ പാത പിൻപറ്റിയതിനാലാവാം കേരള ജമാഅത്തെ ഇസ്‌ലാമിക്കും ഇന്ന് പല ഹദീസുകളോടും പുഛമാണ്. സിഹ്റിന്റെ ഹദീസും പ്രവാചകന്റെ ചില മുഅ്ജിസത്തുകൾ വിവരിക്കുന്ന ഹദീസുകളും ഉദാഹരണം.

മൗദൂദി സാഹിബ് ഹദീസ് നിഷേധം നടത്തിയതിന് ഉദാഹരണമാണ് ദജ്ജാലുമായി ബന്ധപ്പെട്ട് വന്ന ഹദീസുകൾ. ‘അന്ത്യനാളിന്റെ അടയാളമായി ദജ്ജാൽ പ്രത്യക്ഷപ്പെടുന്നതിനെ സംബന്ധിച്ചുള്ള ഹദീസുകൾ മുതവാതിറായ നിലക്കു സ്ഥിരപ്പെട്ടതാണ്. ദജ്ജാലിന്റെ വരവിന്റെ സമയം, അവന്റെ സ്വഭാവങ്ങൾ, സവിശേഷതകൾ, കഴിവുകൾ, അവൻ ചെയ്യുന്ന പ്രവർത്തനങ്ങൾ, വഴിപിഴപ്പിക്കലിന്റെ രീതികൾ തുടങ്ങിയവയെല്ലാം ഹദീസുകളിൽ കാണാം. അത്തഹിയ്യാതിൽ ദജ്ജാലിൽനിന്നും രക്ഷ ചോദിച്ച് നബി (സ്വ) പ്രാർഥിച്ചിരുന്നതായി ഹദീസുകളിൽ കാണാം.

ഇവയെല്ലാം സത്യമാണെന്നും സത്യത്തിന്റെ കക്ഷികളുടെ വിശ്വാസമാണെന്നും ഇബ്നുഹജർ, ഇമാം നവവി പോലുള്ള പണ്ഡിതന്മാർ രേഖപ്പെടുത്തിയതായി കാണാം. ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തുർമിദി, അഹ്മദ്, ഇബ്നുമാജ... തുടങ്ങിയവരുടെയെല്ലാം ഹദീസിന്റെ ഗ്രന്ഥങ്ങളിൽ ദജ്ജാലുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാണാം.

പ്രമാണങ്ങളെക്കാൾ സ്വന്തം ബുദ്ധിക്കും യുക്തിക്കും പ്രാധാന്യം നൽകുന്നവർ ഈ ഹദീസുകളെ നിഷേധിച്ചു. ഇബ്നുകസീർ പറയുന്നതു കാണുക: “ഖവാരിജുകളും ജഹ്മിയ്യാക്കളും ചില മുഅ്തസിലുകളും ദജ്ജാലിന്റെ വരവിനെ മൊത്തത്തിൽ നിഷേധിച്ചു. ഈ വിഷയത്തിൽ വന്ന ഹദീസുകളെ അവർ തള്ളിക്കളഞ്ഞു” (അൽബിദായതു വന്നിഹായ: 1/148).

ഇനി ഈ വിഷയത്തിൽ മൗദൂദി എന്തു പറയുന്നു എന്നു നമുക്ക് പരിശോധിക്കാം. ദജ്ജാലിനെക്കുറിച്ച് മൗദൂദിക്ക് വന്ന ഒരു ചോദ്യവും അതിനു നൽകിയ മറുപടിയും കാണുക:

*ചോദ്യം:* “ദജ്ജാലിനെക്കുറിച്ച് ഇന്ന സ്ഥലത്ത് ചങ്ങലയിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രചരിച്ചിട്ടുണ്ട്. ഏതാണീ സ്ഥലം? ലോകത്തിന്റെ എല്ലാ ഭാഗത്തും മനുഷ്യൻ ചെന്നെത്തിയിട്ടുണ്ട്. ഇപ്പോൾ അവന്റെ ഒരു അടയാളവും കാണാത്തതിന്റെ കാരണമെന്ത്?”

*ഉത്തരം:* “ഈ മസീഹുദ്ദജ്ജാലും അതുപോലുള്ളവയും കള്ളക്കഥകളാണ്. മതത്തിൽ അതിന് യാതൊരു സ്ഥാനവുമില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ട ആവശ്യവും നമുക്കില്ല. ജനങ്ങൾക്കിടയിൽ പ്രചരിച്ച ഇത്തരം കാര്യങ്ങൾക്ക് ഇസ്‌ലാം ഉത്തരവാദിയല്ല.” (തർജുമാനുൽ ഖുർആൻ, 1945 സെപ്റ്റംബർ- ഒക്ടോബർ).

ഇതൊന്നും റസൂലിൽനിന്നും വന്നതല്ലെന്നും എല്ലാം ഊഹാപോഹങ്ങളാണെന്നും മൗദൂദി സമർഥിക്കുന്നുണ്ട്. വ്യത്യസ്ത രിവായത്തുകളിൽ വ്യത്യസ്ത രൂപങ്ങളിൽ വിശദീകരിക്കപ്പെട്ടു എന്നതും എതിർപ്പിനുള്ള കാരണമായി മൗദൂദി പറയുന്നുണ്ട്. എന്നാൽ മൗദൂദിയുടെ ഇത്തരം വിദണ്ഡവാദങ്ങൾക്ക് അന്നത്തെ പണ്ഡിതന്മാർ മറുപടി നൽകിയിട്ടുണ്ട്.

ശൈഖ് മിയാൻ മുഹമ്മദ് ദഹ്‌ലവി, ശൈഖ് മുഹമ്മദ് സകരിയ്യാ കാന്തലവി, ശൈഖ് ഹുസൈൻ അഹ്മദ് മൽമദനി തുടങ്ങിയവർ അതിൽപെട്ടതാണ്. സനാഉല്ല അമൃതസരി, മുഹമ്മദ് ഇസ്മാഈൽ സലഫി തുടങ്ങിയവർ മൗദൂദിക്ക് ഖണ്ഡനം എഴുതിയ പണ്ഡിതന്മാരാണ്.

ബുഖാരിയിലെ ഒട്ടനവധി ഹദീസുകൾക്ക് നേരെ മൗദൂദിയുടെ വിമർശനശരങ്ങൾ ചെന്നിട്ടുണ്ട്. സുലൈമാൻ നബി(അ)യുമായി ബന്ധപ്പെട്ട, ബുഖാരിയിൽ വിവിധ അധ്യായങ്ങളിൽ വന്ന, ഇമാം മുസ്‌ലിം, നസാഈ എന്നിവർ തങ്ങളുടെ ഗ്രന്ഥങ്ങളിലും ഉദ്ധരിച്ച ഹദീസിനെയും മൗദൂദി വിമർശിക്കുന്നുണ്ട്. ജൂതന്മാരിൽനിന്ന് കേട്ട സംസാരത്തെ നബി(സ്വ)യുടെ സംസാരമായി അബൂഹുറയ്റ(റ) മനസ്സിലാക്കിയതാണെന്നും ആ നിലയ്ക്ക് അബൂഹുറയ്റക്ക് അബദ്ധം സംഭവിച്ചതുമാണെന്നാണ് മൗദൂദിയുടെ വാദം.

മൗദൂദിയുടെ പാത പിൻപറ്റിയതിനാലാവാം കേരള ജമാഅത്തെ ഇസ്‌ലാമിക്കും ഇന്ന് പല ഹദീസുകളോടും പുഛമാണ്. സിഹ്റിന്റെ ഹദീസും പ്രവാചകന്റെ ചില മുഅ്ജിസത്തുകൾ വിവരിക്കുന്ന ഹദീസുകളും ഉദാഹരണം.

*(വിവരങ്ങൾക്കു കടപ്പാട്: ഹദീസ്; പ്രസക്തി, പ്രാമാണികത, നിഷേധം. ഫദ്ലുൽ ഹഖ് ഉമരി ആമയൂർ, പേജ് 78-80).*

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 35



# മധ്യകേരളത്തിൽ നിന്നും മലബാറിലേക്ക്

ഓറിയന്റൽ ഹൈസ്കൂളിന്റെ സ്ഥാപനത്തിനും അതിന്റെ സർക്കാർ അംഗീകാരത്തിനും വേണ്ടി ശക്തമായി പ്രവർത്തിച്ച വ്യക്തി എന്ന നിലയിൽ ഇ.കെ. മൗലവി എന്നെന്നും ഓർമിക്കപ്പെടുമെന്നതിൽ സംശയമില്ല. യതീംഖാനക്കു കീഴിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചതോടുകൂടി ധാർമിക വിദ്യാഭ്യാസത്തോടൊപ്പം കുട്ടികളുടെ ഹൈസ്കൂൾ തല വിദ്യാഭ്യാസത്തിനു കൂടിയുള്ള അവസരം കൈവന്നു. അതോടുകൂടി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അനാഥ മക്കളുടെ ഒഴുക്കായിരുന്നു തിരൂരങ്ങാടിയിലേക്ക്.

സുന്നി സംഘടനയിൽ അംഗമായിരിക്കെത്തന്നെ ആ പ്രസ്ഥാനത്തിന്റെ പണ്ഡിതന്മാർ ശിർക്കിനെ പ്രോത്സാഹിപ്പിക്കുന്നതിൽ ബാഫഖി തങ്ങൾ അതൃപ്തി പ്രകടിപ്പിച്ചിരുന്നു എന്നതും അദ്ദേഹം കറ കളഞ്ഞ മുവഹ്ഹിദായിരുന്നു എന്ന് വ്യക്തമാക്കുന്നു. മർഹൂം സി. എൻ. അഹ്മദ് മൗലവി ബാഫഖി തങ്ങളെക്കുറിച്ച് എഴുതുന്നത് കാണുക:

"മറ്റു വിഷയങ്ങൾ എന്തൊക്കെയാണെങ്കിലും അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കാമെന്ന് നമ്മുടെ സുന്നി പണ്ഡിതന്മാർ പറയുന്നത് വളരെ കടുത്ത കയ്യായിപ്പോയി. ഖുർആനിൽ എത്രയോ സ്ഥലങ്ങളിൽ വ്യക്തമായ ഭാഷയിൽതന്നെ അതാവർത്തിച്ച് നിരോധിച്ചിട്ടുണ്ടല്ലോ എന്ന് പരേതനായ ബാഫഖി തങ്ങൾ അവർകൾ 1966-ൽ മക്കയിൽവെച്ച് എന്നോട് തുറന്ന് പറഞ്ഞു." (89)

കെ.എം.മൗലവി സാഹിബ്, ഇ.കെ.മൗലവി സാഹിബ്, എം.കെ. ഹാജി സാഹിബ് തുടങ്ങിയ, തിരൂരങ്ങാടി യതീംഖാനയുടെ സ്ഥാപകനേതാക്കളുമായുള്ള ദൃഢമായ വ്യക്തിബന്ധവും അവരുൾക്കൊണ്ടിരുന്ന തൗഹീദീ ആശയങ്ങളോടുള്ള പ്രതിബദ്ധതയുമാണ് തിരൂരങ്ങാടി യതീംഖാനയുടെ ഉദ്ഘാടനത്തിനും അതിന്റെ കോമ്പൗണ്ടിൽ ഒരു മസ്ജിദ് പണിതപ്പോൾ അതിന്റെ ശിലാസ്ഥാപനത്തിനും ബാഫഖി തങ്ങൾ ക്ഷണിക്കപ്പെടാനുള്ള കാരണമായി വർത്തിച്ചത്.

1945ൽ യതീംഖാന ജെ.ഡി.റ്റിയുമായുള്ള ബന്ധം വിച്ഛേദിക്കുകയും




യതീംഖാനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് തിരൂരങ്ങാടി മുസ്‌ലിം ഓർഫനേജ് കമ്മിറ്റി എന്ന പേരിൽ ഒരു സ്വതന്ത്രസമിതി രൂപീകരിക്കുകയും ചെയ്തു. ഐക്യസംഘത്തിന്റെ സ്ഥാപകനേതാക്കളായിരുന്ന കെ.എം. മൗലവി, കെ.എം സീതിസാഹിബ്, ഇ.കെ. മൗലവി, എം.സി.സി അബ്ദുറഹ്മാൻ മൗലവി, പി.വി മുഹമ്മദ് മൗലവി തുടങ്ങിയവരും; ഐക്യസംഘത്തിന്റെ അസ്തമയത്തിനുശേഷം ഇസ്‌ലാഹീ പ്രസ്ഥാനത്തെ മുന്നോട്ടുനയിച്ച എം.കെ.ഹാജി, പി.എൻ.മുഹമ്മദ് മൗലവി പുളിക്കൽ, പി.പി.ഉണ്ണി മൊയ്തീൻകുട്ടി മൗലവി പുളിക്കൽ, സി.എ.മുഹമ്മദ് മൗലവി തിരൂരങ്ങാടി, എൻ.വി.അബ്ദുസ്സലാം മൗലവി അരീക്കോട് തുടങ്ങിയവരും തിരൂരങ്ങാടി പ്രദേശത്തെ ഇസ്‌ലാഹീ ആശയക്കാരായിരുന്ന മറ്റു 22 പേരും ഉൾപ്പെടെ 32 പേരടങ്ങുന്നതായിരുന്നു തിരൂരങ്ങാടി മുസ്‌ലിം ഓർഫനേജ് കമ്മിറ്റി. കെ.എം.മൗലവി പ്രസിഡന്റായും എം.കെ.ഹാജി സെക്രട്ടറിയായും രൂപീകരിക്കപ്പെട്ട ആ കമ്മിറ്റി 1946ൽ തന്നെ സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യപ്പെട്ടു. തെക്കൻ കേരളത്തിൽ നവോത്ഥാനസംരംഭങ്ങൾക്ക് നേതൃത്വം നൽകിയും എറണാംകുളം മഹാരാജാസ് കോളേജിൽ ലക്ചററായി സേവനമനുഷ്ഠിച്ചും ഇ.കെ.മൗലവി സാഹിബ് കൊച്ചിയിലാണ് കഴിഞ്ഞിരുന്നതെങ്കിലും രൂപീകരണകാലം മുതൽക്കുതന്നെ അദ്ദേഹം തിരൂരങ്ങാടി മുസ്‌ലിം ഓർഫനേജ് കമ്മിറ്റിയിൽ അംഗമായിരുന്നു എന്നത് യതീംഖാനയുമായി അദ്ദേഹത്തിനുണ്ടായിരുന്ന അഭേദ്യമായ ബന്ധം വിളിച്ചോതുന്നു.

1947ൽ എറണാകുളം മഹാരാജാസ് കോളേജിൽനിന്നും വിരമിച്ചതിനുശേഷം 29 വർഷത്തെ മധ്യകേരളത്തിലെ നവോത്ഥാന സംരംഭങ്ങളിൽനിന്നും ഇ.കെ.മൗലവി പൂർണമായും വിടവാങ്ങുകയും മലബാറിലേക്ക് തിരിച്ച് പോരികയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ കർമമണ്ഡലം പൂർണമായും തിരൂരങ്ങാടിയായിരുന്നു. കേരളത്തിലെ മദ്റസ പ്രസ്ഥാനത്തിന്റെ അമരത്ത് നിലകൊണ്ട് നൂറുൽ ഇസ്‌ലാം മദ്റസക്കും തിരൂരങ്ങാടി യതീംഖാനക്കും മൗലവിയുടെ മേൽനോട്ടവും നേതൃത്വവും ഇക്കാലത്ത് ലഭിക്കുകയുണ്ടായി. അനാഥ മക്കൾക്ക് നൂറുൽ ഇസ്‌ലാം മദ്റസയിൽനിന്നും മതവിജ്ഞാനം പകർന്നുനൽകിയും അല്ലലുകളില്ലാതെ ദീനീനിഷ്ഠയോടുകൂടി അവരുടെ ജീവിതം മുന്നോട്ടുനയിച്ചും സേവനനിരതമായ സംവത്സരങ്ങളാണ് ഇ.കെ.മൗലവിയുടെ തിരൂരങ്ങാടിയിലെ ജീവിതകാലം.

ഇതിനകം നൂറുകണക്കിന് കുട്ടികൾ താമസിച്ചു പഠിക്കുന്ന ഒരു മഹാപ്രസ്ഥാനമായി തിരൂരങ്ങാടി യതീംഖാന മാറിക്കഴിഞ്ഞിരുന്നു. ഇത്രയുമധികം കുട്ടികളുടെ ഭൗതികവിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുക എന്നത് യതീംഖാന സാരഥികളുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായി മാറി. എട്ടാം ക്ലാസു വരെ അടുത്തുള്ള മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് മാപ്പിള ഹയർ എലമെന്ററി സ്കൂളിലേക്ക് (ഇപ്പോഴത്തെ ഗവൺമെന്റ് ഹൈസ്കൂൾ) കുട്ടികളെ അയച്ചിരുന്നു. തൊട്ടടുത്ത ഹൈസ്കൂൾ സ്ഥിതിചെയ്തിരുന്നത് എട്ട് കിലോമീറ്റർ അകലെ പരപ്പനങ്ങാടിയിലായിരുന്നു. ഇത്രയും കുട്ടികളെ ഹൈസ്കൂൾ പഠനത്തിന് അങ്ങോട്ടയക്കുക എന്നത് ഏറെ പ്രയാസകരമായിരുന്നു. അതുകൊണ്ടുതന്നെ എട്ടാം ക്ലാസു കഴിഞ്ഞാൽ കുട്ടികളെ യതീംഖാനയിൽനിന്നും പറഞ്ഞുവിടുകയായിരുന്നു പതിവ്. യതീംഖാനക്കു കീഴിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചാൽ കുട്ടികളെ യതീംഖാനയിൽതന്നെ നിലനിർത്തി ഹൈസ്കൂൾ വിദ്യാഭ്യാസം കൂടി നൽകി ഉയർന്ന നിലയിലെത്തിക്കാൻ സാധിക്കും എന്നതായിരുന്നു യതീംഖാന നടത്തിപ്പുകാരുടെ അഭിലാഷം. നൂറുൽ ഇസ്‌ലാം മദ്റസയുടെ കെട്ടിടം ഹൈസ്കൂൾ ആവശ്യത്തിന് ഉപയോഗിക്കാനായിരുന്നു പദ്ധതി.

ഒരു ഹൈസ്കൂൾ (ഓറിയന്റൽ) ആരംഭിക്കുന്നതിന് അനുമതി ലഭിക്കാനായി യതീംഖാന ഭാരവാഹികൾ ഗവൺമെന്റിന് അപേക്ഷ നൽകി. 1955ൽ ഹൈസ്കൂളിന്റെ ഭാഗമെന്നനിലയിൽ ആറും ഏഴും ക്ലാസുകൾ തുടങ്ങിയെങ്കിലും ഹൈസ്കൂൾ ക്ലാസുകൾ തുടങ്ങുന്നതിനുള്ള അനു

വാദം ഗവൺമെന്റിൽ നിന്ന് കിട്ടാത്തതിനാൽ മാനേജ്മെന്റിന് ഏറെക്കാലം കാത്തിരിക്കേണ്ടിവന്നു. അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് കൊടുങ്ങല്ലൂർ പ്രദേശത്തുകാരനായ പി.കെ. അബ്ദുല്ല സാഹിബ്, IAS കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയാവുന്നത്. ഇ.കെ. മൗലവിയുടെ കാൽ നൂറ്റാണ്ടുകാലത്തെ നവോത്ഥാന പ്രവർത്തനങ്ങളുടെ പോരാട്ട ഭൂമിയായിരുന്നല്ലോ കൊടുങ്ങല്ലൂർ. കൊടുങ്ങല്ലൂരിൽ ഐക്യസംഘം നടത്തിയ വിദ്യാഭ്യാസ പ്രചാരണ പ്രവർത്തനങ്ങളുടെ ഒരു ഗുണഭോക്താവും ഇ.കെ. മൗലവിയുടെ ശിഷ്യനുമായിരുന്നു അബ്ദുല്ല സാഹിബ്. ഇ.കെ. മൗലവി അദ്ദേഹത്തിന് ഒരു കത്തെഴുതി. കത്ത് ഇപ്രകാരമായിരുന്നു: 'നിങ്ങളുൾപ്പെടെയുള്ള പുതുതലമുറയെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരാൻ ഞങ്ങളെപ്പോലുള്ള ഐക്യസംഘം പ്രവർത്തകന്മാർ ഒരുപാടു പ്രയാസങ്ങളനുഭവിച്ചവരാണെന്നും അതിനാൽ സമുദായത്തിന്റെ പുരോഗതിക്കുവേണ്ടി നിങ്ങളുടെ സഹായം സമുദായം തിരിച്ചും പ്രതീക്ഷിക്കുന്നുണ്ടെന്നുമായിരുന്നു' ആ കത്തിലെ ഉള്ളടക്കം. സമുദായത്തിനകത്തെ അനാഥകളായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി തിരൂരങ്ങാടി യതീംഖാനയോടനുബന്ധിച്ച് ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നുണ്ടെന്നും അതിനു പെട്ടെന്നു തന്നെ ഗവൺമെന്റ് അംഗീകാരം വാങ്ങിത്തരണമെന്നും ആ കത്തിലൂടെ ഇ.കെ. മൗലവി വിദ്യാഭ്യാസ സെക്രട്ടറിയോടാവശ്യപ്പെട്ടു. മൗലവിയുടെ ഈ കത്ത് ഫലം കണ്ടു. തിരൂരങ്ങാടിയിൽ ഒരു ഹൈസ്കുളിന്റെ ആവശ്യകത ബോധ്യപ്പെട്ട അദ്ദേഹം ആഴ്ചകൾക്കകം ഹൈസ്കൂളിന് അംഗീകാരം നൽകിക്കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് നേടിയെടുക്കുകയും അത് മാനേജ്മെന്റിന് എത്തിച്ച് കൊടുക്കുകയും ചെയ്തു. യതീംഖാനയിലെ അന്തേവാസികൾക്കും നാട്ടുകാർക്കും സൗകര്യപ്രദമാകും വിധം ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന നൂറുൽ ഇസ്‌ലാം മദ്റസ കെട്ടിടത്തിൽ ഓറിയന്റൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. 1959-60ൽ ഹൈസ്കൂൾ ക്ലാസുകൾ പൂർത്തിയാവുകയും സ്കൂളിലെ ആദ്യ ബാച്ചിലെ കുട്ടികൾ 1960 മാർച്ചിലെ SSLCപരീക്ഷക്കിരിക്കുകയും ചെയ്തു.[90]




അൽഇത്തിഹാദ് മാസിക

ഓറിയന്റൽ ഹൈസ്കൂളിന്റെ സ്ഥാപനത്തിനും അതിന്റെ സർക്കാർ അംഗീകാരത്തിനും വേണ്ടി ശക്തമായി പ്രവർത്തിച്ച വ്യക്തി എന്ന നിലയിൽ ഇ.കെ.മൗലവി എന്നെന്നും ഓർമിക്കപ്പെടുമെന്നതിൽ സംശയമില്ല. യതീംഖാനക്കു കീഴിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചതോടുകൂടി ധാർമിക വിദ്യാഭ്യാസത്തോടൊപ്പം കുട്ടികളുടെ ഹൈസ്കൂൾതല വിദ്യാഭ്യാസത്തിനുകൂടിയുള്ള അവസരം കൈവന്നു. അതോടുകൂടി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അനാഥമക്കളുടെ ഒഴുക്കായിരുന്നു തിരൂരങ്ങാടിയിലേക്ക്.

യതീംഖാനയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ തന്നെ 'അൽഇത്തിഹാദ്' എന്ന പേരിലുള്ള ഇസ്‌ലാഹീ മാസികയും ഇ.കെ.മൗലവിയുടെ പത്രാധിപത്യത്തിൽ തിരൂരങ്ങാടിയിൽനിന്നും പുറത്തിറങ്ങിയിരുന്നു. യതീംഖാനയുടെ സേവനങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ടും ആ സ്ഥാപനവുമായി സഹകരിക്കാൻ ജനങ്ങളോടാവശ്യപ്പെട്ടുകൊണ്ടും ഇ.കെ.മൗലവി സാഹിബ് അൽഇത്തിഹാദ് മാസികയിൽ എഴുതിയ ലേഖനങ്ങൾ ആ സ്ഥാപനത്തെ സമുദായമൊന്നടങ്കം ഏറ്റെടുക്കുന്നതിന് സഹായകമായതായി കാണാൻ കഴിയും.

തൗഹീദിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാതെത്തന്നെ സാമുദായിക ഐക്യത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടാണ് അൽഇത്തിഹാദിന്റെ ഓരോ ലക്കവും പുറത്തിറങ്ങിയത്. തിരൂരങ്ങാടി യതീംഖാനയെ പരിചയപ്പെടുത്തുന്ന മുഖലേഖനം പ്രസിദ്ധീകരിച്ചുകൊണ്ട് 1955ൽ പുറത്തിറങ്ങിയ അൽ ഇത്തിഹാദ് മാസിക യതീംഖാനയെ സമുദായം ഏറ്റെടുക്കുന്നതിൽ നിർണായക പങ്കുവഹിച്ചുവെന്ന് വേണം കരുതാൻ. *(തുടരും)*

*അവലംബം:*

*89. പ്രബോധനം വാരിക, 1974 ഒക്ടോബർ 6.*

*90. ഇ.കെ. മൗലവിയുടെ തിരൂരങ്ങാടിയിലെ ആദ്യകാല ശിഷ്യനും പൗത്രിയുടെ ഭർത്താവും ഓറിയൻറൽ ഹൈസ്കൂളിലെ ആദ്യകാല അധ്യാപകനുമായ തിരൂരങ്ങാടിയിലെ പി.ഒ. ഹംസയുടെ ഓർമ്മയിൽ നിന്ന് (ഇ.കെ. മൗലവി ഇക്കാര്യം അദ്ദേഹത്തോട് പറഞ്ഞതാണ്)*



# നന്മകളെ തളർത്തുന്നവനല്ല; വളർത്തുന്നവനാണ് വിശ്വാസി

റിഷാദ് പൂക്കാടഞ്ചേരി
: 9645993852

മനുഷ്യൻ ഏറെ സ്വാർഥനും ചുറ്റുപാടുമുള്ളവരെക്കുറിച്ച് ചിന്തിക്കാത്തവനും നന്ദിയില്ലാത്തവനുമായി മാറിക്കൊണ്ടിരിക്കുകയാണ് വർത്തമാനകാലത്ത്. അവനവന്റെ നേട്ടത്തിൽ മാത്രമാണ് പലർക്കും താൽപര്യം. മറ്റുള്ളവരുടെ നേട്ടത്തിലാകട്ടെ അസൂയയും അസഹിഷ്ണുതയും. ഇതരരിലെ നന്മകളെ വളർത്താനല്ല; തളർത്താനാണ് ശ്രമം. മത, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിലെല്ലാം ഇത് കാണാവുന്നതാണ്.

നന്ദി കാണിക്കാൻ സാധിക്കുക നന്മ നിറഞ്ഞ മനസ്സുള്ളവർക്ക് മാത്രമാണ്. ഉള്ളതിൽ തൃപ്തിയടയുന്നവർക്ക് മറ്റുള്ളവരുടെ നേട്ടത്തിൽ അതൃപ്തിയുണ്ടാവുകയില്ല. എത്ര ചെറിയ അനുഗ്രഹം കിട്ടിയാലും അവരുടെ മനസ്സിൽ അത് നിറയും. അവർക്ക് പരാതികളും പരിഭവങ്ങളും കുറവായിരിക്കും. അവർ മറ്റു ള്ളവരോട് അസൂയയോ വിദ്വേഷമോ വച്ചുപുലർത്തുകയില്ല. വിഷലിപ്തമായ ചിന്തകൾക്ക് അവർ മനസ്സിൽ സ്ഥാനം നൽകുകയില്ല. ഇത്തരം ആളുകൾക്ക് മാത്രമെ മനസ്സറിഞ്ഞ് നന്ദി കാണിക്കാൻ സാധിക്കുകയുള്ളൂ.

നന്ദിയുള്ള ഹൃദയത്തിന്റെ ഉടമയിൽ സ്നേഹം, അനുകമ്പ, ദയ, കാരുണ്യം, ബഹുമാനം, സഹായ മനഃസ്ഥിതി പോലുള്ള സദ്ഗുണങ്ങൾ പ്രകടമാകും. എന്നാൽ നന്ദിയില്ലാത്ത ഹൃദയത്തിൽനിന്നാകട്ടെ അസൂയ, പക, വിദ്വേഷം തുടങ്ങിയ മനുഷ്യത്വവിരുദ്ധ വികാരങ്ങളാണ് ഉടലെടുക്കുക. മറ്റാരെങ്കിലും തനിക്ക് ചെയ്തുതന്ന ചെറുതോ വലുതോ ആയ ഉപകാരങ്ങളെ നന്ദിപൂർവം സ്മരിക്കുന്ന വ്യക്തി സമൂഹത്തിന് നന്മ ചെയ്യുക എന്നത് തന്റെ കൂടി ബാധ്യതയായി മനസ്സിലാക്കും. വ്യക്തികളോ സംഘടനകളോ സമൂഹമോ ചെയ്തുതന്ന സേവനത്തിന് പ്രത്യുപകാരം ചെയ്തുകൊടുക്കാനുള്ള തന്റെ ബാധ്യതയെക്കുറിച്ച് അവൻ സദാബോധവാനായിരിക്കും. കാരുണ്യവും സമസൃഷ്ടിസ്നേഹവും അവന്റെ മനസ്സിൽ നിറഞ്ഞ് നിൽക്കും. ഒരുപ്രവാചക വചനം ശ്രദ്ധിക്കുക:

ജാബിർ ഇബ്നു അബ്ദുല്ല(റ) യിൽനിന്ന് നിവേദനം: “നബി(സ്വ) പറഞ്ഞു: ‘ആർക്കെങ്കിലും വല്ല ദാനവും ലഭിക്കുകയും അതുമുഖേന അവന്റെ കാര്യം സാധിക്കുകയും ചെയ്താൽ അവൻ അതിന് പ്രത്യുപകാരം ചെയ്യട്ടെ. കാര്യം നടന്നില്ലെങ്കിൽ അവൻ അതിൽ സന്തോഷം പ്രകടിപ്പിക്കട്ടെ. ആരെങ്കിലും സന്തോഷം പ്രകടിപ്പിച്ചാൽ അവൻ നന്ദി പ്രകടിപ്പിച്ചു. മറച്ചുവച്ചാൽ അവൻ നന്ദികേട് കാണിച്ചു’ (അബൂദാവൂദ്, തിർമിദി).

ദിനേന ഒരുപാട് പേരുടെ സൽപ്രവർത്തനങ്ങളുടെ ഫലം നേരിട്ടും അല്ലാതെയും അനുഭവിക്കുന്നവരാണ് നാം. നമ്മുടെ പ്രിയപ്പെട്ട മാതാപിതാക്കൾ, അറിവു പകർന്ന് തരുന്ന ഗുരുനാഥന്മാർ, ഏതു സമയത്തും വിളിപ്പുറത്തെത്തുന്ന അയൽവാസികൾ, കുടുംബങ്ങൾ, നടന്ന് ക്ഷീണിക്കുന്ന ഘട്ടങ്ങളിൽ നമുക്ക് ലിഫ്റ്റ് തരുന്നവർ, വഴിയറിയാതെ പ്രയാസപ്പെടുന്ന സന്ദർഭങ്ങളിൽ വഴികാണിച്ച് തരുന്ന സുമനസ്കർ, രക്തം നൽകി ജീവൻ രക്ഷിക്കുന്നവർ... ഇങ്ങനെ പലവിധ സഹായങ്ങൾ പലരിൽനിന്നുമായി നമുക്ക് കിട്ടാറുണ്ട്.

ഇതിനൊന്നും നന്ദി പറയാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അതൊരു വലിയ നഷ്ടമാണ്. സഹസൃഷ്ടികളോട് നന്ദികാണിക്കാത്തവർക്ക് ഏറ്റവും വലിയ അനുഗ്രഹദാതാവായ അല്ലാഹുവിനോട് നന്ദി പറയാൻ സാധിക്കുകയില്ല. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: “നബി(സ്വ) പറഞ്ഞു: “ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോട് നന്ദി കാണിക്കുകയില്ല.” (അബൂദാവൂദ്, തിർമിദി).

ബിസ്മിത എം.
സൽസബീൽ അറബിക് കോളേജ്
വെങ്കിടങ്ങ്

# വിജയം അകലെയല്ല

**അംന** സംസാരിക്കാൻ എഴുന്നേറ്റു നിന്നു. സംസാരം തുടങ്ങുന്നതിനു മുമ്പ് അവൾ സദസ്സിലിരിക്കുന്ന വരിലേക്ക് നോക്കി. അവിടെ ഇടംപിടിച്ചവരിൽ തന്നെ കളിയാക്കിയവരും പരിഹസിച്ചവരുമുണ്ട്. പഠിപ്പിച്ചവരുണ്ട്. ഉമ്മയും ഉപ്പയുമുണ്ട്. സ്റ്റേജിലാകട്ടെ തന്നെ ഈ അവസ്ഥയിലെത്തിക്കാൻ സാമ്പത്തികമായി അകമഴിഞ്ഞു സഹായിച്ച ആ മഹാമനസ്കനുണ്ട്.

അവളുടെ മിഴികൾ നിറഞ്ഞൊഴുകി. അവൾ സദസ്സിന് സലാം പറഞ്ഞു. ശേഷം പതിയെ സംസാരിച്ചു തുടങ്ങി:

“ഞാൻ അംന റിയാസ്. റിയാസ് എന്റെ പ്രിയപ്പെട്ട ഉപ്പയാണ്. ഈ വേദിയിൽ നിൽക്കുമ്പോൾ എനിക്ക് ഒരൊറ്റ കാര്യമെ നിങ്ങളോട് പറയുവാനുള്ളൂ; ജീവിതത്തിൽ എത്ര വലിയ പ്രതിസന്ധിയിലൂടെ നാം കടന്നു പോയാലും യഥാർഥ ലക്ഷ്യം കൈവിടാതെ, കഠിനമായ പരിശ്രമവും നിരന്തരമായ പ്രാർഥനയും പ്രതീക്ഷയുമായി മുന്നോട്ടു പോകുക. എങ്കിൽ ദൈവാനുഗ്രഹത്താൽ വിജയം നമുക്ക് ഉറപ്പാണ്. മോഹങ്ങളെല്ലാം കുഴിച്ചുമൂടി തൊഴിലുറപ്പു ജോലിക്കാരിയോ മറ്റോ മാത്രമായി മാറുമായിരുന്ന എന്നെ ഈ അവസ്ഥയിലേക്കത്തിക്കാൻ സഹായിച്ച ഒരു മഹാമനസ്കൻ ഈ വേദിയിലിരിപ്പുണ്ട്. അദ്ദേഹത്തിന്റെ സംസാരം നമ്മൾ കേട്ടുകഴിഞ്ഞു. അർഹമായ പ്രതിഫലം ദൈവം അദ്ദേഹത്തിനു നൽകട്ടെ. അദ്ദേഹത്തിന് ഇനിയുമേറെ അഭിവൃദ്ധി സർവശക്തൻ നൽകട്ടെ എന്ന പ്രാർഥന എപ്പോഴും എന്റെ കൂടെയുണ്ട്. എനിക്ക് ജീവിതത്തിൽ ഒന്നും നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് ഇപ്പോഴും വിചാരിക്കുന്ന എന്റെ ഉപ്പ, ജീവിതത്തിന്റെ കൈപ്പുനീര് കണക്കില്ലാതെ ആസ്വദിച്ച എന്റെ പ്രിയപ്പെട്ട ഉമ്മ, എന്റെ വലിയ മോഹം കണ്ട് എന്നെ കളിയാക്കുകയും അതുവഴി ലക്ഷ്യത്തിലെത്താനുള്ള വാശി എന്നിൽ വളർത്തുകയും ചെയ്ത കൂട്ടുകാരികൾ, ബഹുമാനപ്പെട്ട ഗുരുനാഥന്മാർ, ഈ പരിപാടി സംഘടിപ്പിച്ച പ്രിയപ്പെട്ട നാട്ടുകാർ...എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി...”

നിറകണ്ണുകളോടെ പിന്നെയും കുറെ സംസാരിച്ചുകൊണ്ടാണ് അംന തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

പൂക്കൾ അവളെ നോക്കി ചിരിച്ചു. ഇലകൾ അവൾക്കുവേണ്ടി നൃത്തമാടി. കിളികൾ അവൾക്കു വേണ്ടി പാട്ടുപാടി. നിശ്ശബ്ദമായ ആ സദസ്സിൽ ഉയർന്ന അവളുടെ ദൃഢമായ ശബ്ദം വിജയത്തിന്റെതല്ലായിരുന്നു; ക്ഷമയുടെയും പ്രാർഥനയുടെയും വിശ്വാസത്തിന്റെയുമായിരുന്നു.

വേദിയിൽനിന്നിറങ്ങിയ ഉടൻ അവൾ ഓടിച്ചെന്നത് അവളെ ക്ഷമിക്കുവാനും സഹിക്കുവാനും പഠിപ്പിച്ച ഉമ്മയുടെ കരവലയത്തിലേക്കായിരുന്നു. അധ്യാപകരടക്കം ഒട്ടേറെ പേർ അവളുടെ അടുത്തെത്തി അഭിനന്ദിച്ചു. അവളെ അന്ന് കളിയാക്കിയ ഫിദ അവൾക്ക് മുന്നിൽ വന്ന് സോറി പറഞ്ഞു. അംന പറഞ്ഞു:

“എനിക്ക് നിന്നോട് ഒരു ദേഷ്യവുമില്ല. ജീവിതത്തിൽ ഉയർച്ചയും താഴ്ചയുമുണ്ടാകും. പണവും പ്രതാപവുമല്ല മനുഷ്യത്വവും നല്ല സ്വഭാവവുമാണ് ജീവിത്തിൽ വേണ്ടത്.”

കരയുന്ന കണ്ണുകളുമായി ഫിദ പറഞ്ഞു: “ഇന്ന് ഞാൻ ഒറ്റയ്ക്കാണ്. എനിക്ക് വലിയ വീടും വിലകൂടിയ കാറുമുണ്ട്. എന്നാൽ മാതാപിതാക്കളില്ല. എന്നെ ഏറെ സ്നേഹിച്ച അവർ ഒരു അപകടത്തിൽ മരണപ്പെട്ടു. ഞാൻ അവർക്ക് വേണ്ട പരിഗണനയും സ്നേഹവും കൊടുത്തിരുന്നില്ല. നിന്റെ കാര്യമാകട്ടെ നേരെ മറിച്ചാണ്. നീ ലോകത്തിനു മാതൃകയാണ് അംനാ...”

“മോളേ, ജീവിതത്തിൽ ഒരുപാട് പരീക്ഷണങ്ങൾ കടന്നുവരും. നീ വിഷമിക്കേണ്ട, അല്ലാഹുവിനെ നീ മറക്കാതിരുന്നാൽ അവൻ കൂടെയുണ്ടാവും. ഈ കൂട്ടുകാരി സാധിക്കുന്ന എന്തു സഹായവും ചെയ്യു തരും.”

പുഞ്ചിരിയോടെ അവർ ആലിംഗനം ചെയ്തു. ജീവിതത്തിൽ ഇതുവരെ അനുഭവപ്പെടാത്ത ഒരു സമാധാനം ഫിദയുടെ മനസ്സിന് അനുഭവപ്പെട്ടു.

അംനയുടെ ഉപ്പ ഓടിവന്ന് അവളെ ചേർത്തുപിടിച്ചു:

“മോളേ, ഇന്ന് ഉപ്പാക്ക് എല്ലാം മനസ്സിലായി. ഒന്നിനും കൊള്ളാത്ത, നിനക്കും നിന്റെ ഉമ്മാക്കും പ്രയാസങ്ങൾ മാത്രം സമ്മാനിച്ച ഈ ഉപ്പാനെ വെറുക്കാത്ത, എന്റെ പേര് സ്വന്തം പേരിനൊപ്പം ചേർത്തു പറയാൻ മടികാണിക്കാത്ത നീ എന്നെ ഒരുപാട് പഠിപ്പിച്ചിരിക്കുന്നു. നിന്നോടും നിന്റെ ഉമ്മയോടു ഞാൻ കാണിച്ച ദ്രോഹങ്ങൾ പൊറുത്തുതരാൻ നിങ്ങൾ റബ്ബിനോട് പ്രാർഥിക്കണം.”

അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അത് കണ്ടു നിൽക്കുകയായിരുന്ന ഉമ്മ സന്തോഷത്താൽ കരയുന്നുണ്ടായിരുന്നു.

“ഉപ്പാ, ഞാൻ ജീവിക്കുന്നത് ആരുടെ മുമ്പിലും ആളാവാനല്ല. അല്ലാഹുവിന്റെ തൃപ്തിക്കപ്പുറം ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. എന്തൊക്കെ തന്നെയായാലും എന്റെ ഉപ്പ എന്നും എന്റെ ഉപ്പ തന്നെയല്ലേ. എന്നെങ്കിലും ഒരിക്കൽ നന്നാവും എന്നുള്ള പ്രതീക്ഷയും അതിനുവേണ്ടിയുള്ള നിരന്തരമായ പ്രാർഥനയും എന്നിലുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒരിക്കലും ഞാൻ ഉപ്പാനെ വെറുത്തിട്ടില്ല. ഇനിയെങ്കിലും എന്റെ ഉമ്മക്ക് സമാധാനം നിറഞ്ഞ ജീവിതം ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.” ദുഃഖഭാരത്താൽ ഒന്നും പറയാനാകാതെ ഉപ്പ മകളെ കെട്ടിപ്പിടിച്ചു തേങ്ങി. അതൊരു മാറ്റത്തിന്റെ തുടക്കമായിരുന്നു. *(അവസാനിച്ചു)*

വിവ. അബ്ദുൽ ജബ്ബാർ മദീനി



ജുമുഅ നമസ്കാരം

02

# മതവിധിയും തെളിവുകളും

### ജുമുഅയുടെ സുന്നത്തുനമസ്കാരം

ജുമുഅ നമസ്കാരത്തിനു മുമ്പ് സുന്നത്തു നമസ്കാരമില്ല. എന്നാൽ ജുമുഅക്കു സമയമാകുന്നതിനു മുമ്പ് വല്ലവനും മുത്‌ലകായ നാഫിലത്ത് (നിരുപാധികമായ സുന്നത്ത്) നമസ്കരിച്ചാൽ അതിൽ കുഴപ്പമില്ല; ഈ വിഷയത്തിൽ തിരുനബി(സ്വ) താൽപര്യം ജനിപ്പിച്ചതിനാൽ. സൽമാനി(റ)ൽനിന്നുള്ള ഹദീസിൽ വന്നതുപോലെ. തിരുനബി(സ്വ) പറഞ്ഞു: "വല്ലവനും വെള്ളിയാഴ്ച കുളിക്കുകയും... (പള്ളിയിൽ) പോവുകയും രണ്ടാളുകൾക്കിടയിൽ വേർപ്പെടുത്തി ഇടമുണ്ടാക്കാതെ തനിക്കു വിധിച്ചത് അയാൾ നമസ്കരിക്കുകയും ചെയ്താൽ..."

സ്വഹാബികൾ നമസ്കരിച്ചിരുന്നതിനാലും നാഫിലത്തു നമസ്കാരങ്ങൾക്കു മഹത്ത്വമുള്ളതിനാലുമാണ് അതിൽ കുഴപ്പമില്ലെന്നു പറഞ്ഞത്. അത് ഉപേക്ഷിച്ചാൽ എതിർക്കപ്പെടാവതല്ല. കാരണം റാതിബത്തായ സുന്നത്ത് ജുമുഅക്കു ശേഷമാകുന്നു. രണ്ടോ നാലോ ആറോ റക്അത്തുകൾ നമസ്കരിച്ചുകൊണ്ടാകുന്നു അത്. തിരുനബി(സ്വ)

യുടെ കൽപനയും പ്രവൃത്തിയും ഈ വിഷയത്തിലുണ്ട്.

“അല്ലാഹുവിന്റെ റസൂൽ (സ്വ) ജുമുഅക്കുശേഷം രണ്ടു റക്അത്ത് നമസ്കരിക്കുമായിരുന്നു.” തിരുമേനി പറഞ്ഞു: “നിങ്ങളിലൊരാൾ ജുമുഅ നമസ്കരിച്ചാൽ അതിനു ശേഷം അയാൾ നാലു റക്അത്തുകൾ നമസ്കരിക്കട്ടെ.” മറ്റൊരു നിവേദനം: “നിങ്ങളിൽ വല്ലവനും ജുമുഅക്കു ശേഷം നമസ്കരിക്കുന്നവനാണെങ്കിൽ അവൻ നാലു റക്അത്തുകൾ നമസ്കരിക്കട്ടെ.”

എന്നാൽ ആറു റക്അത്തുകളെ കുറിച്ച് ഇബ്നു ഉമറി(റ)ൽനിന്നുള്ള ഹദീസിലാണ് വന്നിട്ടുള്ളത്. അദ്ദേഹം മക്കയിലാവുകയും ജുമുഅ നമസ്കരിക്കുകയും ചെയ്താൽ മുന്നോട്ടുനിന്ന് രണ്ടു റക്അത്തുകൾ നമസ്കരിക്കുമായിരുന്നു. പിന്നെയും മുന്നോട്ടുനിന്ന് നാലു റക്അത്തുകൾ നമസ്കരിക്കുമായിരുന്നു. അദ്ദേഹം മദീനയിലായാൽ ജുമുഅ നമസ്കരിക്കുകയും ശേഷം തന്റെ വീട്ടിലേക്കു മടങ്ങി രണ്ടു റക്അത്തുകൾ നമസ്കരിക്കുമായിരുന്നു. പള്ളിയിൽ അദ്ദേഹം നമസ്കരിക്കില്ല. അതിനാൽ അദ്ദേഹം ചോദിക്കപ്പെടുകയും അല്ലാഹുവിന്റെ തിരുദൂതർ ഇപ്രകാരം ചെയ്യുമായിരുന്നുവെന്ന് പ്രതികരിക്കുകയുമുണ്ടായി.

ജുമുഅക്കു ശേഷമുള്ള സുന്നത്തു നമസ്കാരം ചുരുങ്ങിയത് രണ്ടു റക്അത്തുകളാണെന്നും കൂടിയത് ആറു റക്അത്തുകളാണെന്നും ഇതിൽനിന്ന് വ്യക്തമായി. ജുമുഅക്കുശേഷമുള്ള ഈ സുന്നത്ത് പള്ളിയിലാണ് നമസ്കരിക്കുന്നതെങ്കിൽ നാലു റക്അത്തും വീട്ടിലാണെങ്കിൽ രണ്ടുറക്അത്തുമാണ് നമസ്കരിക്കേണ്ടതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആകയാൽ പ്രസ്തുത നമസ്കാരം വ്യത്യസ്ത അവസ്ഥകളിലായിരിക്കും.

വെള്ളിയാഴ്ചദിവസം സ്വുബ്ഹി നമസ്കാരത്തിൽ സൂറത്തുസ്സജദയും സൂറത്തുൽഇൻസാനും പാരായണം ചെയ്യുന്നത് സുന്നത്താക്കപ്പെടും. കാരണം തിരുനബി(സ്വ) അതു പതിവാക്കിയിരുന്നു. വെള്ളിയാഴ്ച പകലിൽ സൂറത്തുൽ കഹ്ഫു പാരായണം ചെയ്യലും സുന്നത്താണ്. തിരുനബി(സ്വ) പറഞ്ഞു: “ആരെങ്കിലും വെള്ളിയാഴ്ച സൂറത്തുൽകഹ്ഫ് പാരായണം ചെയ്താൽ അവന്റെ കാൽപാദത്തിനടിയിൽനിന്ന് ഒരു പ്രകാശം ആകാശ സീമയിലേക്കു വെട്ടം പരത്തുകയും അത് അവനു അന്ത്യനാൾവരേക്കും പ്രകാശമാവുകയും ചെയ്യും. രണ്ടു ജുമുഅകൾക്കിടയിലുള്ള അവന്റെ (ചെറുപാപങ്ങൾ) അവനു പൊറുക്കപ്പെടുകയും ചെയ്യും.”



### ജുമുഅ നമസ്കാരത്തിന്റെ രൂപം

ജുമുഅ നമസ്കാരം രണ്ടു റക്അത്തുകളാകുന്നു. അവയിൽ പാരായണം കൊണ്ട് ശബ്ദമുയർത്തണം. കാരണം തിരുനബി(സ്വ) അപ്രകാരം ചെയ്യുമായിരുന്നു. തിരുനബിയുടെ പ്രവൃത്തി അവിടുത്തെ സുന്നത്താകുന്നു. അതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്. ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ഫാതിഹക്കുശേഷം സൂറത്തുൽ ജുമുഅയും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ മുനാഫിക്വീനും, അല്ലെങ്കിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ അഅ്ലയും രണ്ടാമത്തേതിൽ സൂറത്തുൽഗാശിയയും ഓതൽ സുന്നത്താകുന്നു. കാരണം തിരുനബി(സ്വ) അപ്രകാരം പാരായണം ചെയ്തിട്ടുണ്ട്.

### ജുമുഅയുടെ സുന്നത്തുകൾ

1. മഹത്തായ പ്രതിഫലം നേടുന്നതിനായി ജുമുഅക്കു നേരത്തെ പുറപ്പെടൽ സുന്നത്താകുന്നു. അബൂ ഹുറയ്റ(റ)യിൽനിന്നുള്ള ഹദീസിൽ അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പറഞ്ഞതായി ഇപ്രകാരമുണ്ട്: “വല്ലവനും വെള്ളിയാഴ്ച ദിവസം ജനാബത്തു കുളിക്കും പ്രകാരം കുളിക്കുകയും ശേഷം ആദ്യസമയത്തു തന്നെ ജുമുഅക്കു പോവുകയുമായാൽ അവൻ ഒരു ഒട്ടകത്തെ ബലി നൽകിയതുപോലെയാണ്. രണ്ടാമത്തെ സമയം ജുമുഅക്കു പോയാൽ അവൻ ഒരു പശുവിനെ ബലിനൽകിയതു പോലെയാണ്. മൂന്നാമത്തെ സമയം പോയാൽ അവൻ ഒരു കൊമ്പുള്ള മുട്ടനാടിനെ ബലി നൽകിയതു പോലെയാണ്. നാലാമത്തെ സമയം പോയാൽ അവൻ ഒരു കോഴിയെ ബലി നൽകിയതുപോലെയാണ്. അഞ്ചാമത്തെ സമയം പോയാൽ അവൻ ഒരു കോഴിമുട്ട സമർപ്പിച്ചതുപോലെയാണ്. ഖുത്വുബ നിർവഹിക്കുവാൻ വേണ്ടി ഇമാം പുറപ്പെട്ടാൽ ഉൽബോധനം കേൾക്കുന്നവരായി

മലക്കുകൾ ഹാജരാകും.”

തിരുനബി(സ്വ) വീണ്ടും പറഞ്ഞു: “വല്ലവനും വെള്ളിയാഴ്ച ദിനം കുളിക്കുകയും കഴുകുകയും നേരത്തെ പുറപ്പെടുകയും (ഇമാമിനോട്) അടുക്കുകയും ശ്രദ്ധിച്ചു കേൾക്കുകയും മൗനം ദീക്ഷിക്കുകയും ചെയ്താൽ അവൻ വെക്കുന്നതായ ഓരോ കാലടിക്കും ഒരു വർഷത്തെ നോമ്പിന്റെയും നമസ്കാരത്തിന്റെയും പ്രതിഫലമുണ്ടായിരിക്കും.”

2. വെള്ളിയാഴ്ച കുളിക്കുന്നത് സുന്നത്താകുന്നു. മുമ്പ് ഉണർത്തിയ, അബൂഹുറയ്റ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: “വല്ലവനും വെള്ളിയാഴ്ച ദിവസം ജനാബത്തു കുളിക്കുന്നതുപ്രകാരം കുളിക്കുകയും...” വെള്ളിയാഴ്ച കുളിക്കുവാൻ അമിതതാൽപര്യം കാണിക്കൽ അനിവാര്യമാകുന്നു; വിശിഷ്യാ നീരസമുളവാക്കുന്ന വാസനയുള്ളവർ.

3. സുഗന്ധമുപയോഗിക്കലും വൃത്തിയാക്കലും നഖങ്ങൾ വെട്ടലും തുടങ്ങി ശരീരത്തിൽനിന്ന് അനിവാര്യമായും നീക്കിക്കളയേണ്ടവ നീക്കലും സുന്നത്താണ്.

കുളിച്ചു ശുദ്ധിവരുത്തുന്നതിനെക്കാൾ കൂടുതലായുള്ള ഒരു കാര്യമാണ് തനള്ളുഫ് (വൃത്തിയാക്കൽ). രോമങ്ങൾ നീക്കുക, നഖം വെട്ടുക പോലുള്ള, ഇസ്‌ലാം കൽപിച്ച ചര്യകളിലൂടെ നീരസമുളവാക്കുന്ന വാസനയും അതിന്റെ കാരണങ്ങളും ഇല്ലാതാക്കലാണ് തനള്ളുഫ്. അതിനാൽ ഗുഹ്യരോമവും കക്ഷ രോമവും നീക്കലും നഖംവെട്ടലും മീശ ചെറുതാക്കലും സുഗന്ധമുപയോഗിക്കലും വെള്ളിയാഴ്ച കുളിയോടൊപ്പം സുന്നത്താക്കപ്പെടും. സൽമാനി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്:

“ഒരു വ്യക്തിയും വെള്ളിയാഴ്ച കുളിക്കുകയും സാധ്യമാകുന്നത്ര ശുദ്ധിവരുത്തുകയും എണ്ണപുരട്ടുകയും തന്റെ വീട്ടിലെ സുഗന്ധമുപയോഗിക്കുകയും ചെയ്യുന്നില്ല...” ഇബ്നുഹജർ പറഞ്ഞു: ‘ഹദീസിൽ ‘മിൻത്വുഹ്റിൻ’ എന്നു വന്നതിലെ ഉദ്ദേശ്യം നന്നായി വൃത്തിയാക്കുകയെന്നാണ്. ഗുസ്‌ലിലേക്ക് (കുളി) അതിനെ ചേർത്തു പറഞ്ഞിരിക്കുന്നു എന്നതിൽ നിന്നും നന്നായി വെടിപ്പാവുക എന്ന ആശയം സ്വീകരിക്കപ്പെടും. മീശയും നഖവും ഗുഹ്യരോമങ്ങളുമെടുത്ത് വെടിപ്പാക്കുകയെന്നതാണ് അതിനാൽ ഉദ്ദേശിക്കപ്പെടു ന്നത്.

4. വസ്ത്രങ്ങളിൽ ഏറ്റവും മുന്തിയതു ധരിക്കൽ സുന്നത്താക്കപ്പെടും. അബ്ദുല്ലാഹ് ഇബ്നു ഉമർ(റ) പറഞ്ഞു: “നിശ്ചയം ഉമർ ഇബ്നുൽഖത്ത്വാബ്(റ) പള്ളിവാതിലിൽ ഒരു പട്ടുവസ്ത്രം കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘അല്ലാഹുവിന്റെ തിരുദൂതരേ, നിങ്ങൾ ഇതു വാങ്ങിയിരുന്നുവെങ്കിൽ വെള്ളിയാഴ്ചയും നിവേദകസംഘങ്ങൾ വരുമ്പോൾ അവർക്കുവേണ്ടിയും ധരിക്കാമായിരുന്നു.’ വെള്ളിയാഴ്ച ഏറ്റവും നല്ല വസ്ത്രം ധരിക്കുവാൻ ഇമാം ബുഖാരി ഇതുകൊണ്ട് തെളിവുപിടിച്ചു. അദ്ദേഹം പറഞ്ഞു: ‘താൻ കണ്ടെത്തുന്നതിൽ ഏറ്റവും നല്ലത് ധരിക്കണമെന്നറിയിക്കുന്ന അധ്യായം.’ ഇബ്നുഹജർ പറഞ്ഞു: ‘ജുമുഅക്കായി ചമഞ്ഞൊരുങ്ങലാണ് അടിസ്ഥാനമെന്നത് ഉമറി(റ)നു അംഗീകരിച്ചുകൊടുത്തതിലാണ് ഈ ഹദീസു കൊണ്ടു നല്ലവസ്ത്രം ധരിക്കുവാൻ തെളിവുപിടിച്ചത്. തിരുനബി(സ്വ) പറഞ്ഞു: “തന്റെ ജോലിക്കുള്ള വസ്ത്രങ്ങളല്ലാത്ത രണ്ടു വസ്ത്രങ്ങൾ വെള്ളിയാഴ്ചക്കുവേണ്ടി വാങ്ങുവാൻ നിങ്ങളിലൊരാൾക്ക് എന്തു ണ്ട് തടസ്സം?”

5. വെള്ളിയാഴ്ച രാവിലും പകലിലും തിരുനബിയുടെമേൽ സ്വലാത്തു ചൊല്ലുന്നതു വർധിപ്പിക്കുന്നതു സുന്നത്താക്കപ്പെടും. തിരുനബി(സ്വ) പറഞ്ഞു: “വെള്ളിയാഴ്ച ദിനം നിങ്ങൾ എന്റെമേൽ സ്വലാത്തിനെ വർധിപ്പിക്കുക.”

6. വെള്ളിയാഴ്ചദിവസം സ്വുബ്ഹി നമസ്കാരത്തിൽ സൂറത്തുസ്സജദയും സൂറത്തുൽഇൻസാനും പാരായണം ചെയ്യുന്നത് സുന്നത്താക്കപ്പെടും. കാരണം തിരുനബി(സ്വ) അതു പതിവാക്കിയിരുന്നു. വെള്ളിയാഴ്ച പകലിൽ സൂറത്തുൽ കഹ്ഫു പാരായണം ചെയ്യലും സുന്നത്താണ്. തിരുനബി(സ്വ) പറഞ്ഞു: “ആരെങ്കിലും വെള്ളിയാഴ്ച സൂറത്തുൽകഹ്ഫ് പാരായണം ചെയ്താൽ അവന്റെ കാൽപാദത്തിനടിയിൽനിന്ന് ഒരു പ്രകാശം ആകാശ സീമയിലേക്കു വെട്ടം പരത്തുകയും അത് അവനു അന്ത്യനാൾവരേക്കും പ്രകാശമാവുകയും ചെയ്യും. രണ്ടു ജുമുഅകൾക്കിടയിലുള്ള അവന്റെ (ചെറുപാപങ്ങൾ) അവനു പൊറുക്കപ്പെടുകയും ചെയ്യും.”

7. വെള്ളിയാഴ്ച പള്ളിയിൽ പ്രവേശിക്കുന്നവൻ രണ്ടു റക്അത്തുകൾ നമസ്കരിക്കുന്നതുവരെ ഇരിക്കരുത്. അതു സുന്നത്താണ്. കാരണം തിരുനബി(സ്വ) അതിന് കൽപിക്കുമായിരുന്നു. ഇമാം ഖുത്വുബ പറയുകയാണെങ്കിൽ അവ ചുരുക്കിയാണ് നമസ്കരിക്കേണ്ടത്.

8. ദുആ വർധിപ്പിക്കലും ദുആ ചെയ്താൽ ഉത്തരം നൽകപ്പെടുന്ന സമയം തെരക്കലും സുന്നത്താക്കപ്പെടും. തിരുനബി പറഞ്ഞു:

“നിശ്ചയം വെള്ളിയാഴ്ച ഒരു സമയമുണ്ട്; നമസ്കരിച്ചു നിൽക്കുന്നവനായ ഒരു മുസ്‌ലിം അല്ലാഹുവോട് വല്ലതും തേടുന്നത് ആ സമയത്തോടു യോജിച്ചുവന്നാൽ അല്ലാഹു അവന്ന് അതു നൽകുകതന്നെ ചെയ്യും.” ■

മുനവ്വർ ഫൈറൂസ്



# പാപങ്ങൾ പൊറുക്കുന്നവനായ അല്ലാഹു

മനുഷ്യൃഷ്യർ ചെറുതും വലുതുമായ, രഹസ്യവും പരസ്യവുമായ പല തെറ്റുകുറ്റങ്ങളും ചെയ്യുന്നവരാണ്. നമ്മൾ ചെയ്തുപോയ പാപങ്ങൾ പൊറുക്കപ്പെടാൻ വേണ്ടി നമ്മൾ നമ്മുടെ സ്രഷ്ടാവായ, നമ്മുടെ ഹൃദയത്തിന്റെ വികാരവിചാരങ്ങൾ അറിയുന്ന, നാം ചെയ്ത പാപങ്ങൾ കൃത്യമായി അറിയുന്ന അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങേണ്ടതുണ്ട്. പാപക്കറകൾ സമ്പൂർണമായി കഴുകിക്കളയുവാനും തുടർന്ന് നന്മ നിറഞ്ഞ ഒരു ജീവിതം നയിക്കുവാനും നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ചെയ്തുപോയ പാപങ്ങൾ പൊറുത്തുതരാൻ വേണ്ടി അല്ലാഹുവോട് മാത്രമെ നാം പ്രാർഥിക്കാവൂ.

പരിശുദ്ധ ക്വുർആനിലെ ഒരുപാട് സൂക്തങ്ങളിലൂടെ അല്ലാഹു അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുവാൻ നമ്മോട് കൽപിക്കുന്നുണ്ട്; അവൻ എല്ലാ പാപങ്ങളും പൊറുക്കുന്നവനാണ്.

“പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രെ അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവങ്കലേക്ക് തന്നെയാകുന്നു മടക്കം” (ക്വുർആൻ 40:3).

“വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോടുതന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ” (3:135).

നാം ചെയ്ത അക്രമങ്ങൾക്ക് അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുവാൻ ഞാൻ നാം തയ്യാറാകേണ്ടതുണ്ട്. 'ഞാൻ ഒരുപാട് പാപങ്ങൾ ചെയ്തു, ഇനി എനിക്ക് രക്ഷയില്ല, എന്തായാലും ഞാൻ നരകാവകാശിയായിരിക്കും, എനിക്ക് നന്നാകുവാൻ കഴിയില്ല' എന്ന നിരാശയുടെ ചിന്തയല്ല ഒരു സത്യവിശ്വാസിയിൽ ഉണ്ടാവേണ്ടത്; അല്ലാഹു പൊറുത്തുതരും എന്ന പ്രതീക്ഷയുടെ ചിന്തയാകണം.

അല്ലാഹു പറയുന്നു: "പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻതന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (39:53).

എന്നാൽ പലരും മൗലിദ് കിതാബിലെ വരികളിലൂടെയും മറ്റും അല്ലാഹുവിന്റെ റസൂലി(സ്വ)നോട് പാപമോചനം തേടുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു.

"ഞാൻ എണ്ണവും കണക്കുമില്ലാത്ത തെറ്റുകൾ ചെയ്തിരിക്കുന്നു. നബിമാരിൽ ഉത്തമാരായ നബിയേ, എന്റെ യജമാനരേ അക്കാര്യത്തിൽ അങ്ങയോടാണ് ഞാൻ സങ്കടം ബോധിപ്പിക്കുന്നത്" (മൻകൂസ് മൗലീദ്). എന്നാൽ നബി(സ്വ) തേടിയതും തേടാൻ പഠിപ്പിച്ചതും അല്ലാഹുവോട് മാത്രമാണ്. അവിടുന്ന് പറയുന്നു: "ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്താപിച്ചു മടങ്ങുകയും അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ എല്ലാ ദിവസവും നൂറുതവണ അവനോട് പശ്ചാത്താപിക്കുകയും പാപമോചനം തേടുകയും ചെയ്യാറുണ്ട്" (അഹ്മദ്).

എല്ലാ പ്രവാചകന്മാരും തങ്ങളുടെ സമൂഹത്തെ ഉണർത്തിയതും ഇതേ ആദർശം തന്നെയാണ്. നൂഹ് നബി(അ) പറഞ്ഞു: "അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും. നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല!"(71:10-13).

ഹൂദ് നബി(അ) തന്റെ ജനതയോട് പറഞ്ഞത് ഇപ്രകാരമാണ്: "എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. എന്നിട്ട് അവങ്കലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ അയച്ചുതരികയും നിങ്ങളുടെ ശക്തിയിലേക്ക് അവൻ കൂടുതൽ ശക്തി ചേർത്തുതരികയും ചെയ്യുന്നതാണ്. നിങ്ങൾ കുറ്റവാളികളായിക്കൊണ്ട് പിന്തിരിഞ്ഞ് പോകരുത്" (11:52).

വിലക്കപ്പെട്ട കനി ഭക്ഷിച്ചതിൽ ഖേദിച്ചുകൊണ്ട് ആദം നബി(അ)യും ഹവ്വാ(അ)യും അല്ലാഹുവിലേക്കാണ് ഖേദിച്ചുമടങ്ങിയത്:

"അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ" (2:37).

ആ വാചകങ്ങൾ ഇപ്രകാരമാണ്: "അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (7:23).

> നാം ചെയ്ത അക്രമങ്ങൾക്ക് അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുവാൻ ഞാൻ നാം തയ്യാറാകേണ്ടതുണ്ട്. 'ഞാൻ ഒരുപാട് പാപങ്ങൾ ചെയ്തു, ഇനി എനിക്ക് രക്ഷയില്ല, എന്തായാലും ഞാൻ നരകാവകാശിയായിരിക്കും, എനിക്ക് നന്നാകുവാൻ കഴിയില്ല' എന്ന നിരാശയുടെ ചിന്തയല്ല ഒരു സത്യവിശ്വാസിയിൽ ഉണ്ടാവേണ്ടത്; അല്ലാഹു പൊറുത്തുതരും എന്ന പ്രതീക്ഷയുടെ ചിന്തയാകണം.

അബദ്ധത്തിൽ ഒരാളെ കൊന്ന മൂസാ നബി(അ)യും അല്ലാഹുവിലേക്ക് തന്നെയാണ് ഖേദിച്ചു മടങ്ങിയത്. അല്ലാഹു പറയുന്നു:

"പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസാ അവിടെ കടന്നുചെന്നു. അപ്പോൾ അവിടെ രണ്ടുപുരുഷൻമാർ പരസ്പരം പൊരുതുന്നതായി അദ്ദേഹം കണ്ടു. ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ. മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി. അപ്പോൾ മൂസാ അവനെ മുഷ്ടിചുരുട്ടി ഇടിച്ചു. അതവന്റെ കഥ കഴിച്ചു. മൂസാ പറഞ്ഞു: ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ

എന്നോടുതന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തു കൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാ നിധിയുമാകുന്നു'' (28:15,16).

വേറെയും ഒരുപാട് ഉദാഹരണങ്ങൾ ക്വുർആനിൽ കാണാൻ സാധിക്കും. നമ്മൾ ചെയ്തുപോയ പാപങ്ങൾ പൊറുത്തുതരുവാൻ അല്ലാഹുവിലേക്ക് കരഞ്ഞു മടങ്ങുവാൻ നമുക്ക് കഴിയേണ്ടതുണ്ട്.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം, നബി(സ) പറഞ്ഞു: "രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന് അവശേഷിക്കുമ്പോൾ ഓരോ രാത്രിയും അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങും. എന്നിട്ട് പറയും: ആരുണ്ട് എന്നോട് പ്രാർഥിക്കുന്നവരായി? ഞാൻ അവന് ഉത്തരം ചെയ്യാം. ആരുണ്ട് എന്നോട് ചോദിക്കുന്നവനായി? ഞാനവന് നൽകാം. ആരുണ്ട് എന്നോട് പാപമോചനം തേടുന്നവനായി? ഞാനവന് പൊറുത്ത് കൊടുക്കാം'' (ബുഖാരി).

നാം ചെയ്ത തെറ്റുകളെ സംബന്ധിച്ച് ഖേദമുണ്ടാവുകയും അതിൽനിന്ന് സമ്പൂർണമായി വിട്ടുനിൽക്കുകയും അതിലേക്ക് ഞാൻ ഇനി ഒരിക്കലും മടങ്ങുകയില്ല എന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അല്ലാഹുവല്ലാതെ പാപം പൊറുക്കുന്നവനില്ല

നബി(സ) പഠിപ്പിച്ച, 'പാപമോചന പ്രാർഥനകളുടെ നേതാവ്' എന്നറിയപ്പെടുന്ന പ്രാർഥന ഇപ്രകാരമാണ്: "അല്ലാഹുവേ! നീയാണ് എന്റെ റബ്ബ്. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എന്നെ സൃഷ്ടിച്ചു. ഞാൻ നിന്റെ അടിമയും ആരാധകനുമാണ്. നിന്നോടുള്ള കരാറും കടപ്പാടും എനിക്ക് കഴിയുന്നത്ര ഞാൻ പാലിക്കുന്നു. ഞാൻ പ്രവർത്തിച്ചിട്ടുള്ളതിലെ എല്ലാ തിന്മയിൽനിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങൾ ഞാൻ നിന്നോട് സമ്മതിക്കുന്നു. ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ! നിശ്ചയം, നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല'' (ബുഖാരി).

ഈ പ്രാർഥനയെ പറ്റി അവിടുന്ന് പറഞ്ഞത് 'ആരെങ്കിലും ഒരു ദിവസത്തെ പകലിൽ (രാവിലെ) ദൃഢവിശ്വാസത്തോടെ ഇത് ചൊല്ലിയാൽ ആ ദിവസം വൈകുന്നേരമാകുന്നതിന് മുമ്പ് മരിച്ചാൽ അയാൾ സ്വർഗാവകാശിയായിരിക്കും, ആരെങ്കിലും ദൃഢവിശ്വാസത്തോടെ ഇത് വൈകുന്നേരം ചൊല്ലിയാൽ പിറ്റേന്ന് നേരം പുലരുന്നതിന് മുമ്പ് അയാൾ മരിച്ചാൽ അയാളും സ്വർഗാവകാശിയായിരിക്കും' എന്നാണ്.

പരിശുദ്ധ ക്വുർആനിലെ ചില ആയത്തുകൾ ഉദ്ധരിച്ച് ഈ ലേഖനം അവസാനിപ്പിക്കാം: "നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു' (103:3). "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്‌കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്‌തേക്കാം...'' (66:8). 'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്'' (3:133). ■



ബൈബിളിലെ അധ്യാപനങ്ങൾ പുതിയകാലത്തിന് യോജിച്ചതല്ലെന്ന ചിന്ത വ്യാപകമായപ്പോൾ ക്രൈസ്തവർക്കിടയിൽ ഉണ്ടായ ഒരു ചിന്താധാരയാണ് 'ക്രിസ്ത്യൻ വെർച്യു എത്തിക്സ്.' ബൈബിളിലെ അധ്യാപനങ്ങളെല്ലാം അതേപടി നാം അക്ഷരവായന നടത്തേണ്ടതില്ലെന്നും സ്നേഹം, വിനയം, നീതി, അനുകമ്പ പോലുള്ള അടിസ്ഥാന ഗുണങ്ങൾ സ്വാംശീകരിക്കുകയും കാലോചിതമായി മതത്തെ പുനർവായന നടത്തുകയും ചെയ്യുക എന്നതായിരുന്നു പ്രസ്തുത ചിന്താരീതി മുന്നോട്ടുവച്ച ആശയം. ബൈബിളിൽ പറഞ്ഞ പല തിന്മകളും അങ്ങനെ തിന്മകളല്ലാതായി. പല കൊടിയപാപങ്ങളും സ്വാഭാവികവത്കരിക്കപ്പെട്ടു. കാലക്രമേണ ലിബറലിസം എന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ മതത്തിനു മുന്നിൽ ക്രൈസ്തവതയുടെ പതനം പൂർത്തി





ഡോ. അബ്ദുല്ലാ ബാസിൽ സി.പി.

# ആശയവായന പ്രമാണനിഷേധമാകരുത്!

യാകുന്ന കാഴ്ചകളാണ് ഇന്ന് നാം യൂറോപ്പിൽ കാണുന്നത്.

മനുഷ്യന്റെ പരിമിതമായ യുക്തിയും ബുദ്ധിയുംവച്ച് ദൈവികമായ കൽപനകളെ പുനർവായിക്കാൻ തുടങ്ങിയതിന്റെ പരിണിതിയാണ് ഇന്നത്തെ ക്രൈസ്തവതയുടെ ദയനീയമായ അവസ്ഥ. ബൈബിളിന്റെ അക്ഷരവായനയിൽനിന്ന് യേശു പഠിപ്പിച്ച അടിസ്ഥാന ഗുണങ്ങൾവച്ചുള്ള ആശയവായന നടത്തിക്കൊണ്ടുള്ള സ്വീകാര്യവും നവീകരിക്കപ്പെട്ടതുമായ ഒരു ക്രൈസ്തവത എന്നത് അന്ന് വളരെ ആകർഷകമായ ഒരു ചിന്തയായിരുന്നു. എന്നാൽ അതുവഴി സംഭവിച്ചതാകട്ടെ അക്ഷരങ്ങളെ നിഷേധിച്ചപ്പോൾ ക്രൈസ്തവത എന്ന ആശയം തന്നെ ഇല്ലാതായിപ്പോയതാണ്.!

മറ്റു മതങ്ങളിൽനിന്ന് വ്യത്യസ്തമായി ആധുനികതയോട് ആശയപരമായി നേരിട്ട് ഏറ്റുമുട്ടി നിൽക്കുന്നത് ഇന്നും ഇസ്‌ലാം മാത്രമാണ്. അതിന്റെ കാരണം ലിബറലിസത്തിന്റെ മൂല്യസങ്കൽപങ്ങൾക്കനുസരിച്ച് ഇസ്‌ലാം അതിന്റെ മൂല്യങ്ങളിൽ വിട്ടുവീഴ്ച നടത്താൻ തയാറായില്ല എന്നതുതന്നെയാണ്. മുസ്‌ലിംകൾ വിശ്വസിക്കുന്നത് ക്വുർആനും സ്വഹീഹായ നബിവചനങ്ങളും സ്രഷ്ടാവിൽനിന്നുള്ള ദിവ്യബോധനങ്ങൾ, അഥവാ വഹ്‌യ് ആണെന്നാണ്. ദിവ്യബോധനങ്ങൾ കാലത്തിനോ ദേശത്തിനോ അനുസരിച്ച് മാറ്റേണ്ടതില്ലാത്തതുകൊണ്ട് തന്നെ ആ അക്ഷരങ്ങൾക്ക് അത്രമേൽ വലിയ പ്രാധാന്യവും വിശ്വാസികൾ കൊടുക്കാറുണ്ട്. ഇവിടെയാണ് അക്ഷരവായനയുമായി ബന്ധപ്പെട്ട, ബഹുമാന്യ പണ്ഡിതൻ ഡോ. ഇകെ അഹ്മദ് കുട്ടി സാഹിബിന്റെ ലേഖനത്തോട് അടിസ്ഥാനപരമായി വിയോജിക്കേണ്ടി വരുന്നത്.

ഇസ്‌ലാമിക പ്രമാണങ്ങളുടെ അക്ഷരങ്ങൾക്കും ആശയത്തിനും വലിയ പ്രാധാന്യമുണ്ട്. ആശയവായന വേണം; പക്ഷേ, ആശയങ്ങൾക്ക് പുതിയ വായനയില്ല എന്നതാണ് പ്രമാണങ്ങളുടെ പ്രത്യേകത. ഇസ്‌ലാമിക പ്രമാണങ്ങളുടെ ആശയവും അക്ഷരവും പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. ഇനിയതിൽ ഓരോരുത്തർക്ക് തോന്നിയ രൂപത്തിൽ ആശയങ്ങൾ നിർദ്ധരിച്ചെടുക്കാൻ നിർവാഹമില്ല. ഓരോ അക്ഷരങ്ങൾക്കും മുൻഗാമികൾ എന്ത് ആശയമാണോ കൽപിച്ചു നൽകിയത് അത് ഉൾക്കൊള്ളുക എന്നതാണ് വിശ്വാസിയുടെ നയം.

ഇടതു കൈകൊണ്ട് ഭക്ഷണം കഴിക്കാനോ വെള്ളം കുടിക്കാനോ പാടില്ലെന്നും അങ്ങനെ ചെയ്യുന്നത് പിശാചാണെന്നും പറയുന്ന ഹദീസിന്റെ അക്ഷരവും ആശയവും അത് പാടില്ലെന്നുതന്നെയാണ്. അങ്ങനെയല്ലെന്ന് ആ ആശയം ഏറ്റവും നന്നായി മനസ്സിലാക്കിയ മുഹമ്മദ് നബി(സ്വ)യോ സ്വഹാബത്തോ മറ്റു മുൻഗാമികളോ മനസ്സിലാക്കിയിട്ടില്ല. ഭക്ഷണം കഴിക്കുന്ന പ്ലേറ്റ് കഴുകുന്നതിന്റെ കൂടെ കഴുകിയാൽ തീരുന്ന, ഗ്ലാസ്സിൽ പറ്റുന്ന അവശിഷ്ടത്തിന്റെ പേരിൽ ആ ആശയത്തെ

യോ അക്ഷരത്തെയോ ഒഴിവാക്കാൻ ഒരു വഴിയും കാണുന്നുമില്ല.

ആശയവായനയെന്ന പേരിൽ അക്ഷരത്തിന്റെയും ആശയത്തിന്റെയും നിഷേധമാണ് നടക്കുന്നത് എന്നതാണ് ഇവിടെയുള്ള പ്രശ്നം. മതകൽപനകൾ കാലത്തിനു യോജിച്ചതല്ലെന്നും പരിഷ്കരിക്കേണ്ടതുണ്ടെന്നും വാദിക്കുന്നവരെല്ലാം ഇത്തരത്തിൽ ആശയവായനയെന്ന പേരിൽ നിഷേധം എഴുന്നള്ളിക്കുന്നു എന്നതാണ് അനുഭവം. അതിനാലാണ് ഇത് വലിയൊരു അപകടത്തിലേക്കുള്ള വാതിൽ തുറക്കലാകുന്നത്. കൃത്യമായ അടിസ്ഥാനങ്ങളും മാനദണ്ഡങ്ങളുമില്ലാതെ ഓരോരുത്തരും ഇത്തരത്തിൽ ആശയവായന തുടങ്ങിയാൽ നേരത്തെ ക്രൈസ്തവതയ്ക്ക് സംഭവിച്ചത് പോലെ ദീൻ തന്നെ ഇല്ലാതാവും!

തട്ടം ശരിക്ക് ധരിക്കാത്ത ഒരു സഹോദരിയോട്, ഹിജാബിന്റെ പ്രാധാന്യവും പ്രസക്തിയും പറയുന്ന ക്വുർആൻ ആയത്തുകളും ഹദീസുകളും ശ്രദ്ധയിൽ പെടുത്തിയപ്പോൾ അവർ പറഞ്ഞ മറുപടി ഞാൻ അതിന്റെ ആശയത്തെ ഉൾക്കൊള്ളുന്നു എന്നതായിരുന്നു. അക്കാലത്ത് മുഖവും മുൻകൈയുമൊഴികെയുള്ള ഭാഗങ്ങൾ മറച്ച് വസ്ത്രം ധരിക്കലാണ് മാന്യമായ വസ്ത്രധാരണം. നമ്മുടെ കാലത്തേക്കും പ്രദേശത്തേക്കും വരുമ്പോൾ അത് അങ്ങനെയായിക്കൊള്ളണം എന്നില്ല. അതിനാൽ 'മാന്യമായ വസ്ത്രധാരണം വേണം' എന്ന ആശയം ഞാനെടുക്കുന്നു, മുഖവും മുൻകൈയും ഒഴിച്ചുള്ളത് എന്ന അക്ഷരങ്ങളെ ഞാൻ അവഗണിക്കുന്നു എന്നതായിരുന്നു അവർ മുന്നോട്ടുവെച്ച വാദം.

ഇതുംകടന്ന് മുന്നോട്ടുപോയവരുമുണ്ട്. വസ്ത്രത്തിലേക്കോ ബാഹ്യമായ വേഷഭൂഷാദികളിലേക്കോ അല്ല പടച്ചവൻ നോ



ക്കുന്നത്, നിങ്ങളുടെ ഹൃദയത്തിലേക്കാണ് എന്ന ആശയമെടുത്ത്, ഹിജാബിനെയും ബാഹ്യമായ മതത്തിന്റെ അടയാളങ്ങളെ മുഴുക്കെയും നിഷേധിക്കുന്നവരും ധാരാളം. അവരും നടത്തുന്നത് ആശയവായന തന്നെ! ഇവിടെയെല്ലാം സംഭവിക്കുന്നത് നമുക്ക് സൗകര്യപ്രദമായ ആശയത്തെ മാത്രമെടുത്ത് ബാക്കിയുള്ളതിനെ നിഷേധിക്കുക എന്ന വലിയ അപരാധമാണ്. അതിലേക്കുള്ള വാതിൽ തുറന്നു കൊടുക്കുമ്പോൾ വളരെയേറെ സൂക്ഷിക്കേണ്ടിയിരുന്നു.

ദിവ്യബോധനങ്ങൾ മുഖേന സ്ഥിരപ്പെട്ട ഒരു കാര്യമോ കൽപനയോ വന്നാൽ നമ്മുടെ സൗകര്യങ്ങളും യുക്തിയും ദേഹേച്ഛകളുമെല്ലാം മാറ്റിവച്ച് അതിന് പരിപൂർണമായി സമർപ്പിക്കുകയാണ് ഒരു മുസ്‌ലിമിന്റെ കടമ എന്നത് പഠിപ്പിക്കേണ്ടവരാണ് നാം. എല്ലാമറിയുന്ന പടച്ചവന്റെ കൽപനകളെ നമ്മുടെ പരിമിതമായ യുക്തിയും ബുദ്ധിയുംവച്ച് അരിച്ചശേഷം മാത്രം സ്വീകരിക്കുകയെന്നതാണ് യുക്തിരാഹിത്യം!

'തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ' എന്ന ക്വുർആൻ സൂക്തത്തെ അക്ഷരാർഥത്തിൽ സ്വീകരിക്കേണ്ടതില്ല എന്ന ആശയത്തിന് മുൻഗാമികളാരും ഉദ്ധരിച്ചിട്ടില്ലെന്നതാണ് യാഥാർഥ്യം. അമാനി മൗലവിയുടെ തഫ്സീറിൽ ഈ ആയത്തിനെ വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

"അതായത്, അല്ലാഹുവിന്റെ ആയത്തുകൾ മുഖേന ഉപദേശിക്കപ്പെടുന്ന അവസരത്തിൽ അവിശ്വാസികളും കപടവിശ്വാസികളും ചെയ്യാറുള്ളതുപോലെ അശ്രദ്ധയും അവഗണനയും അവർ കാണിക്കുകയില്ല. നേരെമറിച്ച് കണ്ണും കാതും കൊടുത്ത് സശ്രദ്ധം അത് മനസ്സിലാക്കുകയും സബഹുമാനം അത് സ്വീകരിക്കുകയും ചെയ്യാൻ ആവേശപൂർവ്വം തയ്യാറാകുകയാണ് ചെയ്യുക. ചില ആളുകൾ തെറ്റിദ്ധരിച്ചതുപോലെ, അല്ലെങ്കിൽ താൽപര്യപൂർവ്വം ദുർവ്യാഖ്യാനം ചെയ്തതുപോലെ അല്ലാഹുവിന്റെ ആയത്തുകൾ കൊണ്ട് ഉപദേശിക്കപ്പെടുമ്പോൾ അത് കണ്ണടച്ച് വിശ്വസിക്കാതെ, വിമർശനബുദ്ധ്യാ പരിശോധിച്ച് ബോധ്യപ്പെട്ടാൽ മാത്രമേ അത് സ്വീകരിക്കുകയുള്ളു എന്നല്ല ഈ വചനത്തിന്റെ സാരം. സാധാരണക്കാർ നൽകുന്ന ഉപദേശങ്ങളിൽ ഇതാവശ്യം തന്നെ. എന്നാൽ അല്ലാഹുവിന്റെ ആയത്തുകൾ വിമർശനപൂർവ്വം പരിശോധിച്ചേ സ്വീകരിക്കാവൂ എന്ന് പറയുന്നത് കേവലം അസംബന്ധവും അതിരുകവിച്ചിലുമാകുന്നു" (അമാനി മൗലവി തഫ്സീർ, സൂറഃ അൽഫുർഖാൻ, സൂക്തം 73).

ക്വുർആനിന്റെ ആയത്തുകളെ പോലും അതേപടി സ്വീകരിക്കേണ്ടതില്ല എന്നതിന് ഈ ആയത്ത് തെളിവാക്കുമ്പോൾ അത് വലിയ അപരാധമായിപ്പോയി എന്ന് പറയാതെവയ്യ! പ്രമാണങ്ങളെയും മതത്തെ തന്നെയും ഒഴിവാക്കാനും വലിച്ചെറിയാനും വെമ്പിനിൽക്കുന്ന പുതി

> ഇസ്‌ലാഹി പ്രസ്ഥാനം കേരളത്തിൽ നടത്തിയ നവോത്ഥാനം പ്രമാണനിഷേധത്തിന്റേതല്ല; പ്രമാണങ്ങളിലേക്ക് തിരിച്ചുവിളിച്ചുകൊണ്ടുള്ളതായിരുന്നു എന്നത് നാം ഓർക്കണം. സ്ത്രീകൾക്ക് പള്ളിയിൽ പോകാമെന്നും എഴുത്തുപഠിക്കാമെന്നും നാം വാദിച്ചത് വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ലിബർട്ടിയുടെയും ഇക്വിറ്റിയുടെയും പ്രതലത്തിൽ നിന്നല്ല, മറിച്ച് ക്വുർആനിലും ഹദീസിലും അതുണ്ട് എന്നതുകൊണ്ടായിരുന്നു. അതിന്റെ ആശയവും അക്ഷരങ്ങളും അപ്പടി ഉൾക്കൊണ്ടുകൊണ്ടായിരുന്നു!

യതലമുറയുടെ മുന്നിലേക്കാണ് ഇത്തരം ചിന്തകളിട്ടു കൊടുക്കുന്നത് എന്നത് ഇതിന്റെ ഗൗരവം വർധിപ്പിക്കുന്നു. വഹ്‌യ് മുഖേന സ്ഥിരപ്പെട്ട് ഒരു കാര്യം വന്നാൽ അത് വിമർശനാത്മകമായി പരിശോധിക്കാനല്ല, അപ്പടി സ്വീകരിക്കാനാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്.

"റസൂലിന്ന് അദ്ദേഹത്തിന്റെ റബ്ബിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതിൽ അദ്ദേഹവും സത്യവിശ്വാസികളും വിശ്വസിച്ചിരിക്കുന്നു. എല്ലാവരും (തന്നെ) അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ റസൂലുകളിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ റസൂലുകളിൽ ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല (ഇതാണവരുടെ നില). അവർ പറയുകയും ചെയ്യുന്നു: 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു; നിന്റെ പൊറുക്കൽ-(അതാണ് ഞങ്ങൾ തേടുന്നത്)- ഞങ്ങളുടെ റബ്ബേ, നിന്റെ അടുക്കലേക്കത്രെ തിരിച്ചുവരവും" (ക്വുർആൻ 2:285).

മുഹമ്മദ് നബി(സ്വ)യുടെ പതിവ് ശീലങ്ങളെയും (ആദാത്ത്) കൽപനകളെയും ഏതൊരാൾക്കും വേർതിരിച്ചു മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിൽ വ്യക്തമാണ് ഹദീസുകൾ. മുഹമ്മദ് നബി(സ്വ) ഒട്ടകത്തിന്റെ മുകളിലാണ് യാത്ര ചെയ്തത് എന്നതുകൊണ്ട് കാറോ ബസ്സോ പാടില്ലെന്ന് പറയുന്നവരെയോ, ഇലക്ട്രിസിറ്റി ഉപയോഗിച്ചിട്ടില്ല എന്നതുകൊണ്ട് അത് പാടില്ലെന്നു പറയുന്നവരെയോ നമുക്ക് കാണാൻ സാധിക്കുന്നില്ല. ഇനിയാരെങ്കിലും അങ്ങനെയുണ്ടെങ്കിൽ അവർക്ക് കൽപനകളും പതിവുരീതികളും തമ്മിലുള്ള വ്യത്യാസം പഠിപ്പിച്ചു കൊടുക്കുക എന്നതാണ് പരിഹാരം.

എന്നാൽ ആ പേരിൽ കൽപനകളെത്തന്നെ നിഷേധിക്കുന്നത് ഒട്ടും കരണീയമല്ല. അജ്‌വ കാരക്ക നബി(സ്വ) സാധാരണ ഭക്ഷണമായി കഴിച്ചതാണെങ്കിൽ നബിയുടെ മറ്റ് ഭക്ഷണരീതിയെ പോലെത്തന്നെയാണ് മുസ്‌ലിംകൾ അതിനെ കാണുക. എന്നാൽ അജ്‌വ രാവിലെ കഴിക്കുന്നതിന്റെ പുണ്യം പ്രത്യേകം പഠിപ്പിച്ചിട്ടുണ്ടെങ്കിൽ അത് പതിവുരീതിയല്ല, എണ്ണവും സമയവും നിശ്ചയിച്ചുള്ള പ്രത്യേക നിർദേശമാണത്. മരണാസന്നനായ വ്യക്തിക്ക് കലിമ ചൊല്ലിക്കൊടുക്കുക എന്നത് പതിവുരീതിയായല്ല, ചൊല്ലിക്കൊടുക്കാൻ പ്രത്യേകം തന്നെ നിർദേശിച്ചതായാണ് ഹദീസുകളിൽ കാണാനാവുക. അതിനെ ആരെങ്കിലും മറ്റുള്ളവർക്ക് ശല്യമാകുന്ന രീതിയിൽ ചെയ്യുന്നുണ്ടെങ്കിൽ അക്കാര്യത്തെ മാത്രം എതിർക്കുക എന്നതിനപ്പുറം കലിമ ചൊല്ലിക്കൊടുക്കുന്നതിനെ തന്നെ വിമർശിക്കുന്നതിൽ അർഥമില്ല. ക്വുർആൻ പാരായണവും നമസ്കാരവും പോലും മറ്റുള്ളവർക്ക് ഉപദ്രവകരമായ രീതിയിൽ ചെയ്യുന്നവരുണ്ട്. 'ആശയവായന' അതിലേക്കും വ്യാപിച്ചാൽ കുടുങ്ങിപ്പോകും!

ജമാഅത്ത് നമസ്കാരങ്ങൾക്ക് വരാത്തവരുടെ വീടുകൾക്ക് തീവെച്ചാലോ എന്ന് ഞാൻ ആലോചിച്ചു എന്ന ഹദീസിന്റെ അക്ഷരത്തിനും ആശയത്തിനും കാര്യമായ വ്യത്യാസങ്ങളൊന്നുമില്ല. മുഹമ്മദ് നബി, ജമാഅത്തിനു വരാത്ത ഒരാളുടെ പോലും വീടിനു തീയിട്ടിട്ടുമില്ല. അങ്ങനെ ചെയ്യണമെന്ന് അക്ഷരങ്ങളിൽ നിന്ന് കിട്ടുകയുമില്ല. പിന്നെ എങ്ങനെയാണ് അക്ഷരങ്ങളെ അവഗണിച്ച് ആശയങ്ങൾ സ്വീകരിക്കാൻ അത് തെളിവാകുന്നത്? വകതിരിവെത്തിയ ശേഷം മതി ഇസ്‌ലാമിക വസ്ത്രധാരണത്തിലെ പരിശീലനമെന്നതും ആശയവായനയല്ല, അക്ഷരനിഷേധമാണ്. ഈ ആശയവായന വലിച്ചുനീട്ടി നമസ്കാരവും ചേലാകർമവും എന്നല്ല; മതംപോലും പ്രായപൂർത്തി/ലയശേഷം മതി എന്ന് വ്യാഖ്യാനിക്കാൻ കാത്തുനിൽക്കുന്നവർ പുറത്തും അകത്തുമുണ്ട് എന്നത് മറന്നുപോകരുത്. ചുരുക്കത്തിൽ, പ്രമാണങ്ങളിൽ വരുന്ന കൽപനകളും അധ്യാപനങ്ങളും അതേപടി സ്വീകരിക്കുകയാണ് വേണ്ടത് എന്ന മുൻകാല നിലപാടുകളിലേക്ക് തിരിച്ചുപോവുക തന്നെയാണ് എക്കാലത്തും അഭികാമ്യം. ആശയവായനയെന്ന പേരിൽ പ്രമാണനിഷേധം തുടങ്ങിയവരെല്ലാം പിന്നീട് ആശയനിഷേധത്തിലേക്കാണ് എത്തിച്ചേർന്നത് എന്നത് നമുക്കുമുന്നിലുള്ള അനുഭവമാണ്.

ഇസ്‌ലാഹി പ്രസ്ഥാനം കേരളത്തിൽ നടത്തിയ നവോത്ഥാനം പ്രമാണനിഷേധത്തിന്റേതല്ല; പ്രമാണങ്ങളിലേക്ക് തിരിച്ചുവിളിച്ചുകൊണ്ടുള്ളതായിരുന്നു എന്നത് നാം ഓർക്കണം. സ്ത്രീകൾക്ക് പള്ളിയിൽ പോകാമെന്നും എഴുത്തുപഠിക്കാമെന്നും നാം വാദിച്ചത് വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ലിബർട്ടിയുടെയും ഇക്വിറ്റിയുടെയും പ്രതലത്തിൽ നിന്നല്ല, മറിച്ച് ക്വുർആനിലും ഹദീസിലും അതുണ്ട് എന്നതുകൊണ്ടായിരുന്നു. അതിന്റെ ആശയവും അക്ഷരങ്ങളും അപ്പടി ഉൾക്കൊണ്ടുകൊണ്ടായിരുന്നു! ആ വഴിയിൽ ഒരുമിച്ചു മുന്നോട്ടുപോകാൻ റബ്ബ് അനുഗ്രഹിക്കട്ടെ. ■

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം 33

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَإِذْ يَقُولُ الْمُنَافِقُونَ وَالَّذِينَ فِي قُلُوبِهِم مَّرَضٌ مَّا وَعَدَنَا اللَّهُ وَرَسُولُهُ إِلَّا غُرُورًا ﴿١٢﴾

12. നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചനമാത്രമാണെന്ന് കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയും ചെയ്തിരുന്ന സന്ദർഭം.

وَإِذْ قَالَت طَّائِفَةٌ مِّنْهُمْ يَا أَهْلَ يَثْرِبَ لَا مُقَامَ لَكُمْ فَارْجِعُوا ۚ وَيَسْتَأْذِنُ فَرِيقٌ مِّنْهُمُ النَّبِيَّ يَقُولُونَ إِنَّ بُيُوتَنَا عَوْرَةٌ وَمَا هِيَ بِعَوْرَةٍ ۖ إِن يُرِيدُونَ إِلَّا فِرَارًا ﴿١٣﴾

13. ‘യസ്രിബുകാരേ! നിങ്ങൾക്കു നിൽക്കക്കളളിയില്ല. അതിനാൽ നിങ്ങൾ മടങ്ങിക്കളയൂ’ എന്ന് അവരിൽ ഒരു വിഭാഗം പറയുകയും ചെയ്ത സന്ദർഭം. ഞങ്ങളുടെ വീടുകൾ ഭദ്രതയില്ലാത്തതാകുന്നു എന്ന് പറഞ്ഞുകൊണ്ട് അവരിൽ ഒരു വിഭാഗം (യുദ്ധരംഗം വിട്ടുപോകാൻ) നബിയോട് അനുവാദം തേടുകയും ചെയ്യുന്നു. യഥാർഥത്തിൽ അവ ഭദ്രതയില്ലാത്തതല്ല.അവർ ഓടിക്കളയാൻ ഉദ്ദേശിക്കുന്നുവെന്ന് മാത്രം.

وَلَوْ دُخِلَتْ عَلَيْهِم مِّنْ أَقْطَارِهَا ثُمَّ سُئِلُوا الْفِتْنَةَ لَآتَوْهَا وَمَا تَلَبَّثُوا بِهَا إِلَّا يَسِيرًا ﴿١٤﴾

14. അതിന്റെ (മദീനയുടെ) വിവിധ ഭാഗങ്ങളിലൂടെ (ശത്രുക്കൾ) അവരുടെ അടുത്ത് കടന്നുചെല്ലുകയും, എന്നിട്ട് (മുസ്ലിംകൾക്കെതിരിൽ) കുഴപ്പമുണ്ടാക്കാൻ അവരോട് ആവശ്യപ്പെടുകയുമാണെങ്കിൽ അവരത് ചെയ്തുകൊടുക്കുന്നതാണ്. അവരതിന് താമസം വരുത്തുകയുമില്ല; കുറച്ച് മാത്രമല്ലാതെ.

وَلَقَدْ كَانُوا عَاهَدُوا اللَّهَ مِن قَبْلُ لَا يُوَلُّونَ الْأَدْبَارَ ۚ وَكَانَ عَهْدُ اللَّهِ مَسْئُولًا ﴿١٥﴾

15. തങ്ങൾ പിന്തിരിഞ്ഞ് പോകുകയില്ലെന്ന് മുമ്പ് അവർ അല്ലാഹുവോട് ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. അല്ലാഹുവിന്റെ ഉടമ്പടി ചോദ്യം ചെയ്യപ്പെടുന്നതാണ്.

12) കപടവിശ്വാസികളുടെ കാപട്യം വെളിപ്പെട്ടു. അവർ മറച്ചുവെച്ചിരുന്നത് പുറത്ത് വന്നു. (നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചന മാത്രമാണെന്ന് കപടവിശ്വാസികളും ഹൃദയത്തിൽ രോഗമുള്ളവരും പറയുകയും ചെയ്തിരുന്ന സന്ദർഭം).

13) കഷ്ടതകളിലും പരീക്ഷണങ്ങളിലും കപടവിശ്വാസിയുടെ പതിവുരീതിയാണിത്. അവന്റെ വിശ്വാസം ദൃഢമല്ല. ഉണ്ടാകുന്ന സംഭവങ്ങളെ അപക്വമായി നോക്കിക്കാണുകയും തന്റെ വിചാരങ്ങൾ സത്യപ്പെടുത്തുകയും ചെയ്യുന്നു. (അവരിൽ ഒരു വിഭാഗം പറയുകയും ചെയ്ത സന്ദർഭം) അതായത് കപടവിശ്വാസികളിൽനിന്ന് അവരുടെ ക്ഷമ കുറയുകയും അസ്വസ്ഥമാവുകയും ചെയ്തപ്പോൾ മറ്റുള്ളവരെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചു. അവർ മറ്റുള്ളവരെ അവരുടെ തിന്മകളിൽനിന്ന് രക്ഷിച്ചതുമില്ല.




ഈ സംഘം പറഞ്ഞു: (ഹേ, യസ്‌രിബുകാരേ) ‘മദീനക്കാരേ’ എന്നാണവർ ഉദ്ദേശിച്ചത്. ആ നാടിന്റെ പഴയ പേര് മാത്രമാണ് അവരിവിടെ ഉപയോഗിച്ചത്. മതപരമായ പ്രതിബദ്ധതകൾക്കും വിശ്വാസബന്ധങ്ങൾക്കും അവരുടെ ഹൃദയത്തി ൽ യാതൊരു വിലയുമില്ലെന്ന് ഈ പ്രയോഗത്തിൽനിന്ന് മനസ്സിലാക്കുന്നു. അവരുടെ ഹൃദയത്തിനുള്ളിൽ തോന്നിയ ഭയമാണ് അവരെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചത്. (യസ്‌രിബുകാരേ, നിങ്ങൾക്ക് നിൽക്കക്കള്ളിയില്ല) മദീനക്ക് പുറത്തുനിങ്ങൾ തമ്പടിച്ച സ്ഥലങ്ങൾ നിങ്ങൾ ഉപേക്ഷിക്കുകയാണ് നല്ലത്. അവർ മദീനക്ക് പുറത്തും ഖന്തക്കിനടുത്തും തമ്പടിച്ചിട്ടുണ്ട്.

(നിങ്ങൾ മടങ്ങിക്കളയൂ) ഇവർ ആളുകളെ സായുധസമരത്തിൽ ഏർപ്പെടുന്നത് നിരുത്സാഹപ്പെടുത്താൻ ശ്രമിക്കുകയും ശത്രുക്കളോട് യുദ്ധം ചെയ്യാൻ അവർക്ക് ശക്തിയില്ലെന്നും അവർ യുദ്ധത്തിൽനിന്ന് വിട്ടുനിൽക്കണമെന്ന് പറയുകയും ചെയ്തു. ഇത് ഏറ്റവും മോശവും ഏറ്റവും കൂടുതൽ ദോഷം വരുത്തിയതുമായ സംഘമാണ്.

ഇവരെക്കാൾ മോശമായ മറ്റൊരു കൂട്ടരുണ്ടായിരുന്നു. അവർക്ക് ക്ഷമകേടും ഭീരുത്വവും സാധിക്കും. തെറ്റായ കാരണങ്ങൾ പറഞ്ഞ അവർ യുദ്ധമുറകളിൽ നിന്ന് പിൻമാറി. അവരെക്കുറിച്ചാണ് അല്ലാഹു പറഞ്ഞത്: (ഞങ്ങളുടെ വീടുകൾ ഭദ്രതയില്ലാത്തതാകുന്നു എന്ന് പറഞ്ഞുകൊണ്ട് അവരിൽ ഒരുവിഭാഗം യുദ്ധരംഗം വിട്ടുപോകാൻ അനുവാദം ചോദിച്ചു) ഞങ്ങളുടെ വീടുകൾ തുറന്നുകിടക്കുന്നു. അതായത് അവ അപകടത്തിലാണ്. ഞങ്ങൾ അകലെയായിരിക്കുമ്പോൾ ശത്രു അവരെ അക്രമിക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അതിനാൽ ഞങ്ങൾക്ക് അനുവാദം തരൂ. ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു ചെന്ന് അവരെ സംരക്ഷിച്ചുകൊള്ളും. അവർ കള്ളം പറയുകയായിരുന്നു. (യഥാർഥത്തിൽ അവ ഭദ്രതയില്ലാത്തതല്ല) അവരുടെ ലക്ഷ്യം (ഓടിക്കളയാൻ) മാത്രമായിരുന്നു. ഈ വാക്കുകൾ ഒരു മാർഗമായും ഒഴിവുകഴിവായും ഉപയോഗിച്ചു. ഇവർക്ക് വിശ്വാസമില്ലായിരുന്നു. പരീക്ഷണഘട്ടങ്ങളിൽ ഉറച്ചുനിൽക്കാൻ അവർക്ക് കഴിയില്ല.

14) അതായത്, അവിശ്വാസികൾ എല്ലാ വശങ്ങളിൽനിന്നും നഗരത്തിൽ പ്രവേശിക്കുകയും മദീനയെ പിടിച്ചെടുക്കുകയും ചെയ്താലും-അല്ലാഹു നിരോധിക്കട്ടെ- ഈ ജനങ്ങളോട് (മതവിരുദ്ധമാകാനും കലാപം നടത്താനും) ആവശ്യപ്പെട്ടു. അതായത് അവരുടെ മതത്തിൽനിന്ന് പിന്മാറുകയും അധിനിവേശക്കാരുടെ മതത്തിലേക്ക് മടങ്ങുകയും ചെയ്യുക.

(അവരത് ചെയ്തുകൊടുക്കുന്നതാണ്) അവരത് ചെയ്യാൻ തിടുക്കം കൂട്ടുമായിരുന്നു. (അവരതിന് താമസം വരുത്തുകയില്ല; കുറച്ചല്ലാതെ) മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവരതിന്റെ പ്രതിരോധിക്കുകയോ മതത്തിൽ ഉറച്ചുനിൽക്കുകയോ ഇല്ല. മറിച്ച്, ശത്രുക്കൾ ആവശ്യപ്പെടുന്നത് ചെയ്തുകൊടുക്കുകയും ചെയ്യും. അവർ അങ്ങനെയായിരുന്നു.

15) ഇതാണ് അവരുടെ അവസ്ഥ: (തങ്ങൾ പിരിഞ്ഞുപോകുകയല്ലെന്ന് മുമ്പ് അവർ അല്ലാഹുവോട് ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. അല്ലാഹുവിന്റെ ഉടമ്പടി ചോദ്യം ചെയ്യപ്പെടുന്നതാണ്) ആ കരാറിനെക്കുറിച്ച് അവരോട് ചോദിക്കും. അപ്പോൾ അവർ അത് ലംഘിച്ചതായി കണ്ടെത്തും. അപ്പോൾ അവർ എന്താണ് തങ്ങളുടെ രക്ഷിതാവിനെക്കുറിച്ച് വിചാരിക്കുക!

ഉസ്മാൻ പാലക്കാഴി
: 9656 292 244



# ശ്രേഷ്ഠമായ ആരാധന

ഇസ്‌ലാമിൻ തൂണുകൾ അഞ്ചാണെന്ന്
ചൊല്ലിപ്പഠിച്ചവരാണു നമ്മൾ.
ഒന്നാമത്തേതു ശഹാദത്താണ്
രണ്ടാമത്തേതു നമസ്കാരവും.
അഞ്ച് സമയ നമസ്കാരത്തെ
അല്ലാഹു നിർബന്ധമാക്കിയല്ലോ.
സ്വർഗം ലഭിക്കണമെങ്കിൽ നമ്മൾ
കൃത്യമായ് നിസ്കാരം നിലനിർത്തേണം.
നന്നായ് ശരീരത്തെ വൃത്തിയാക്കാം
നമ്മുടെ വസ്ത്രവും ശുദ്ധമാക്കാം.
നബിയുല്ല കാണിച്ചുതന്ന പോലെ
നമ്മൾക്ക് വുളു ചെയ്ത് തയ്യാറാകാം.
മുത്ത് നബിയുടെ നിസ്കാരത്തിൻ
രൂപം നാം നന്നായ് പഠിച്ചിടേണം.
നിൽപ്പത് റബ്ബിന്റെ മുമ്പിലെന്ന
ചിന്തയാൽ കർമങ്ങൾ ചെയ്തിടേണം.
ഭക്തിയും വിനയവും വേണമുള്ളിൽ,
ഭയവും പ്രതീക്ഷയും കൂടെ വേണം.
ചിത്തത്തിൽ മറ്റുള്ള ചിന്ത വേണ്ടാ,
ചന്തത്തിൽ നിസ്കാരം നിർവഹിക്കാം.
നിൽപ്പും റുകൂഉം സുജൂദുമൊക്കെ
കൃത്യമായ് നന്നായി ചെയ്തിടേണം.
അർഥമറിഞ്ഞു നാം പ്രാർഥിക്കണം,
അല്ലാന്റെ കാരുണ്യം തേടിടേണം.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

**വൈവിധ്യമാർന്ന വായനാനുഭവങ്ങൾ സമ്മാനിച്ച**
**വിസ്ഡം ബുക്സിൽ നിന്നും**
**ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി**
**മികച്ച രണ്ട് കൃതികൾ നിങ്ങളിലേക്കെത്തുന്നു...**










WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road,
Chalappuram, Kozhikode 673 002.
Mob: +91 7356766478

www.wisdombooksonline.com

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

## ജാമിഅ അൽഹിന്ദ്

# വാർഷിക സമ്മേളനം

2025 ജനുവരി 12 13 പാണക്കാട്, മലപ്പുറം

